OSSAE പ്രസിഡന്റ് അഭി. ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ
വത്തിക്കാനിൽ പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പായെ സന്ദർശിച്ച് ഉപഹാരങ്ങൾ സമർപ്പിക്കുന്നു.

ഒ.വി.ബി.എസ്. കേന്ദ്ര ഗാനപരിശീലന ക്യാമ്പിൽ പങ്കെടുത്തവർ ഒ.എസ്.എസ്.എ.ഇ. - ഒ.വി.ബി.എസ്.
കേന്ദ്ര ഭാരവാഹികളോടൊപ്പം പരുമല സെമിനാരിയിൽ

ഭദ്രാസനതല ഗാനപരിശീലനം ശാസ്താംകോട്ട മാർ ഏലിയാ ചാപ്പലിൽ വച്ച് ഉദ്ഘാടനം ചെയ്യുന്നു.

ORTHODOX SYRIAN
SUNDAY SCHOOL
ASSOCIATION OF THE EAST

THE SUNDAY SCHOOL

Vol. 11 • No. 2 • April-June 2025 • FOR PRIVATE CIRCULATION ONLY

പുതിയ സാധ്യതകൾ, പുതിയ വെല്ലുവിളികൾ

OVBS
2025

OVBS
2025

THE SUNDAY SCHOOL

Vol. 11 • No. 2 • April-June 2025

രക്ഷാധികാരി

**പരിശുദ്ധ ബസേലിയോസ്
മാർത്തോമ്മാ മാത്യൂസ് തൃതീയൻ
കാതോലിക്കാ ബാവാ**

പ്രസിഡന്റ്

**ഡോ. ജോസഫ് മാർ ദിവന്നാസ്യോസ്
മെത്രാപ്പോലീത്ത**

ചീഫ് എഡിറ്റർ

ഫാ. ഡോ. വർഗീസ് വർഗീസ്

എക്സിക്യൂട്ടീവ് ഓഫീസർ

പ്രൊഫ. ഡോ. ചെറിയാൻ തോമസ്

ഓഫീസ് അഡ്മിനിസ്ട്രേറ്റർ

ഫാ. ബ്രിജിത് കെ ബേബി

എക്സിക്യൂട്ടീവ് എഡിറ്റർ

ഫാ. ജോബ് സാം മാത്യു

എഡിറ്റോറിയൽ ബോർഡ്

**സി. കെ. ജേക്കബ്
ഫാ. മാത്യൂസ് കാഞ്ഞിരംപാറ
ഫാ. ജോസ് തോമസ്
കെ. വി. തോമസ്
ജേക്കബ് ഫിലിപ്പ്
വിനോദ് എം. സഖറിയ**

കേന്ദ്ര ഓഫീസ്

**ദേവലോകം
കോട്ടയം-686 004**
ossaebodhanam.org
dgossae@gmail.com

An OSSAE Publication

Printed at Alois Graphics
Kottayam-1, Tel: 9447069847
aloisgraphics@gmail.com

താളുകൾ മറിക്കുമ്പോൾ

- എഡിറ്റോറിയൽ
  ഫാ. ഡോ. വർഗീസ് വർഗീസ്
- സൗമ്യത എന്ന പരിശുദ്ധാത്മവരം
  **ഡോ. ജോസഫ് മാർ ദിവന്നാസ്യോസ്
  മെത്രാപ്പോലീത്ത**
- നിഖ്യാ വിശ്വാസപ്രമാണവും
  ത്രിത്വദർശനത്തിന്റെ പ്രസക്തിയും
  ഫാ. ഡോ. ബിജേഷ് ഫിലിപ്പ്
- ആ മൊബൈൽ ഫോൺ
  ഒന്ന് മാറ്റിവയ്ക്കാമോ?
  ഫാ. ജോബ് സാം മാത്യു
- ബാലപംക്തി
  ഫാ. ജോസ് തോമസ് പൂവത്തുങ്കൽ
- **ആബൂനാ ബസേലിയോസ് എറിത്രിയൻ
  പാത്രിയർക്കീസ്**
  വർഗീസ് ജോൺ തോട്ടപ്പുഴ
- ബൈബിൾ & ചർച്ച് ക്വിസ്
  ഫാ. മാത്യൂസ് കാഞ്ഞിരംപാറ
- അർത്ഥതലങ്ങളിലൂടെ
  ഡോ. ചെറിയാൻ തോമസ്

എഡിറ്റോറിയൽ

മലങ്കര സഭ: ശ്ലൈഹികവും കുറ്റമറ്റതും

ഫാ. ഡോ. വർഗീസ് വർഗീസ്

സഭാചരിത്രകാരനായ കൈസര്യായിലെ മാർ യൗസേബിയോസ് പറയുന്നു. 'സത്യത്തിന്റെ ഏറ്റവും വിശ്വസനീയമായ സാക്ഷ്യം ചരിത്രം ആകുന്നു'. [History is the most reliable witness of the truth]. മഹത്തായ നമ്മുടെ ഭാരതദേശത്ത് മലങ്കരസഭയ്ക്ക് അതിന്റെ സ്വാതന്ത്ര്യത്തിന്റേയും സ്വത്വബോധത്തിന്റേയും നേർസാക്ഷിയായി സഹസ്രാബ്ദങ്ങളായി നിലനിൽക്കുന്ന ഒരു മഹനീയമായ ചരിത്രം ഉണ്ട്. ചരിത്രം കേവലം ചില മാനുഷിക സംഭവങ്ങളുടെ റിക്കോർഡുകൾ മാത്രമല്ല; മറിച്ച്, മാനവചരിത്രത്തിലെ ദൈവിക ഇടപെടലുകളുടെയും നടത്തിപ്പിന്റെയും ക്രമപ്പെടുത്തലുകളുടെയും സാക്ഷ്യങ്ങളുമാണ്.

യേശുക്രിസ്തുവിന്റെ അപ്പോസ്തോലനായ മാർതോമ്മാ ശ്ലീഹാ AD 52 ൽ ഭാരതത്തിൽ ആഗതനാകുകയും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്തു. AD 72 ൽ ചെന്നൈയിലെ മൈലാപ്പൂരിൽ വച്ച് രക്തസാക്ഷിമരണം സ്വീകരിച്ച് ക്രിസ്തുവിന്റെ മഹനീയ സാക്ഷിയായി ഭവിച്ചു. ആദിമ സഭയിലെ വേദശാസ്ത്രജ്ഞനായ തെർത്തുല്യൻ പ്രസ്താവിക്കുന്നതുപോലെ 'രക്തസാക്ഷികളുടെ രക്തമാണ് സഭയുടെ ഉറവിടം (വിത്ത്)' ["The blood of the matryrs is the seed of the Church"]. ക്രിസ്തുശിഷ്യനായ മാർതോമ്മാ ശ്ലീഹായുടെ രക്തസാക്ഷ്യത്വത്തിൽ നിന്ന് മുളച്ചുവന്നതാണ് മലങ്കര ഓർത്തഡോക്സ് സഭ.

പതിനാറാം നൂറ്റാണ്ടോടുകൂടി പാശ്ചാത്യ അധിനിവേശം നമ്മുടെ ഭാരതദേശത്ത് ആരംഭിക്കുകയും നാട്ടുരാജ്യങ്ങൾ ഓരോന്നായി വിദേശ അധിനിവേശത്തിലാകുകയും ചെയ്തു. പോർട്ടുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനിയും ഭാരതത്തെ അവരുടെ കോളനിയാക്കി മാറ്റി. സമാന്തര ദുരവസ്ഥയാണ് ഭാരതത്തിലെ ദേശീയ ക്രൈസ്തവ സഭയായ മലങ്കര സഭയ്ക്കും സംഭവിച്ചത്. നൂറ്റാണ്ടുകളായി ഭാരതത്തിൽ നിലനിൽക്കുന്ന മലങ്കരസഭയെ ഭരണപരമായും വിശ്വാസപരമായും തങ്ങളുടെ അധീനതയിൽ കൊണ്ടുവരുവാൻ അക്രൈസ്തവമായ മാർഗ്ഗങ്ങൾ വിദേശികൾ സ്വീകരിച്ചു. മലങ്കര സഭയുടെ ഭരണം നിർവ്വഹിച്ച ഗീവറുഗീസ് അർക്കദിയാക്കോനെ സമ്മർദ്ദവും മാനസിക പീഡനങ്ങളും കൊണ്ട് ഉദയംപേരൂർ സുന്നഹദോസിൽ (1599) വച്ച് ലത്തീൻ നിയമസംഹിതകൾക്കും വിശ്വാസപ്രമാണങ്ങൾക്കും വിധേയനാകുവാൻ പ്രേരിപ്പിച്ചു. ഡച്ചുകാർ നാലാം മാർത്തോമായെ ശാരീരികമായി ക്രൂരമായ പീഡനത്തിന് വിധേയനാക്കി. പത്തൊമ്പതാം നൂറ്റാണ്ടിൽ മലങ്കരയിൽ എത്തിച്ചേർന്ന പാശ്ചാത്യ സുറിയാനി സഭാ തലവൻ അന്ത്യോഖ്യ പാത്രിയർക്കീസ് പരിശുദ്ധ പത്രോസ് ത്യതീയൻ (1875) മുളന്തുരുത്തി സുന്നഹദോസിലൂടെ (1876) മലങ്കര സഭയുടെ ആത്മീകവും ലൗകികവുമായ അധികാരം പിടിച്ചെടുത്ത് പാശ്ചാത്യ സുറിയാനി സഭയായ അന്ത്യോഖ്യൻ സഭയുടെ കീഴിൽ കൊണ്ടുവരുവാൻ ശ്രമങ്ങൾ ആരംഭിച്ചു.

മലങ്കര സഭയും മാർത്തോമ്മൻ പൈതൃകവും

തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെട്ടതും ഇന്നും നിലനിൽക്കുന്നതുമായ ശ്ലൈഹിക ഉപദേശങ്ങളും ആചരണങ്ങളും പാരമ്പര്യങ്ങളുമാണ് ശ്ലൈഹിക പൈതൃകത്തിന്റെ അന്തഃസത്ത. ഏകവും വിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ പരിശുദ്ധ സഭയുടെ പ്രകൃതങ്ങളിൽ പ്രധാനപ്പെട്ടതാണ് ശ്ലൈഹിക പൈതൃകം. ശ്ലൈഹിക പൈതൃകം ഇല്ലാത്ത ക്രൈസ്തവ സമൂഹത്തെ സഭയായി കണക്കാക്കപ്പെടുവാൻ സാധിക്കുകയില്ല. കേവലം ഒരു ഭക്തസംഘമായി (congregation)

മാത്രമെ കണക്കാക്കപ്പെടുകയുള്ളു. മാർതോമ്മാ ശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിലൂടെയും രക്തസാക്ഷി മരണത്തിലൂടെയും സ്ഥാപിതമായ മലങ്കര സഭയുടെ മാർത്തോമൻ പൈതൃകം പ്രസ്തുത പശ്ചാത്തലത്തിലാണ് വിലയിരുത്തപ്പെടേണ്ടതും വിശദീകരിക്കേണ്ടതും.

അപ്പോസ്തോലിക പിന്തുടർച്ച (Apostolic Succession), തിരുവെഴുത്തുകൾ ഉൾപ്പെടുന്ന വിശുദ്ധ പാരമ്പര്യം (Apostolic Tradition), വിശുദ്ധ കുർബ്ബാന അർപ്പണം (Eucharistic Celebration), സഭയുടെ ഐക്യം (Untiy of the Church) എന്നിവ അപ്പോസ്തോലിക പൈതൃകത്തിന്റെ സംഘടിത സ്വഭാവങ്ങളാണ്.

അപ്പോസ്തോലിക പിന്തുടർച്ച (Apostolic Succession)

'അപ്പോസ്തോലന്മാരിൽനിന്ന് പിന്തുടർച്ചാവകാശമുള്ള സഭയിലുള്ള പുരോഹിതന്മാരെ നാം അനുസരിക്കണം'. (We ought to obey the priests who are in the church, who have succession from the Apostles) എന്ന് പിതാവായ വിശുദ്ധ ഐറേനിയോസ് പഠിപ്പിക്കുന്നു. (St. Irenaeus, *Against Heresies,* Book IV, Chapter 26.) അപ്പോസ്തോലന്മാർക്ക് അവരുടെ കർത്താവും നാഥനുമായ യേശുക്രിസ്തുവിൽ നിന്ന് ലഭിച്ച അധികാരവും ഉപദേശങ്ങളും (1 കൊരി 11:23) അവരുടെ പിൻഗാമികളായ മഹാപുരോഹിതന്മാരിലൂടെ കൈമാറി സഭയ്ക്കുള്ളിലെ സത്യവിശ്വാസത്തിന്റെയും ഉപദേശത്തിന്റേയും അധികാരത്തിന്റെയും നേതൃത്വത്തിന്റേയും പിന്തുടർച്ച ഉറപ്പാക്കുക എന്നതാണ് അപ്പോസ്തോലിക പിന്തുടർച്ചയിലൂടെ അർത്ഥമാക്കുന്നത്. അപ്പോസ്തോലിക പൈതൃകം 'ശ്ലൈഹികവും കുറ്റരഹിതവുമായ ഏക വിശ്വാസത്തിന്റെ' പിന്തുടർച്ചയാണ്. മാർതോമ്മാ ശ്ലീഹായുടെ ശ്ലൈഹിക പിന്തുടർച്ച മലങ്കരസഭയുടെ മാർത്തോമൻ പൈതൃകത്തിന്റെ ചങ്കാണ് (ഹൃദയമാണ്). മാർത്തോമൻ ശ്ലൈഹിക പിന്തുടർച്ച കണ്ണിലെ കൃഷ്ണമണിപോലെ നമ്മുടെ പൂർവ്വികർ കാത്തു സൂക്ഷിച്ചു.

അപ്പോസ്തോലിക പാരമ്പര്യവും തിരുവെഴുത്തുകളും (Apostolic Tradition and Scriptures)

അപ്പോസ്തോലിക പൈതൃകത്തിന്റെ അഭിഭാജ്യഘടകങ്ങളാണ് അപ്പോസ്തോലിക പാരമ്പര്യവും തിരുവെഴുത്തുകളും. ക്രിസ്തീയ വിശ്വാസവും ആചരണങ്ങളും തലമുറകളിലേക്ക് സംവേദിച്ചത് വിശുദ്ധ തിരുവെഴുത്തുകളിലൂടെയും അപ്പോസ്തോലന്മാരിൽ സമാരംഭിച്ച ക്രിസ്തീയ ജീവിത ശൈലിയിലൂടെയുമാണ്. സഭയുടെ ജീവിതവും (The life of the Church) തിരുവെഴുത്തുകളും സമന്വയിച്ച അപ്പോസ്തോലിക പാരമ്പര്യമാണ് സഭയുടെ വിശ്വാസത്തേയും ജീവിതത്തേയും രൂപപ്പെടുത്തിയത്. തമുയിസിലെ സെറാഫിയോണിനുള്ള കത്തിൽ പരിശുദ്ധനായ മാർ അത്താനാസിയോസ് (St. Athanasius, *Four Letters to Serapion of Thmuis,* Letter 1,28) പ്രത്യേകം പ്രതിപാദിക്കുന്നു. 'എന്നാൽ ഈ തിരുവെഴുത്തുകൾക്കപ്പുറം ആരംഭം മുതലെ കർത്താവ് നൽകിയതും അപ്പോസ്തോലന്മാർ ഉപദേശിച്ചതും പിതാക്കന്മാർ പാലിച്ചതുമായ സഭയുടെ പാരമ്പര്യവും പഠിപ്പിക്കലും വിശ്വാസവും നമുക്ക് നോക്കാം, ["But beyond these (scriptures), let us look at the very tradition, teaching, and faith of the Church from the beginning, which the Lord gave, the Apostles preached, and the Fathers kept."] 'മാർത്തോമ്മൻ പൈതൃകം' കർത്താവ് നൽകിയതും മാർതോമ്മാ ശ്ലീഹാ ഉപദേശിച്ചതും മലങ്കര സഭാപിതാക്കന്മാർ പരിപാലിച്ചതുമായ സത്യവിശ്വാസമാണ്. ശ്ലൈഹിക പൈതൃകം മലങ്കരസഭയ്ക്ക് ലഭിച്ചത് കർത്താവു നൽകിയതുകൊണ്ടാണ്. നമ്മുടെ കർത്താവിനാൽ ഭാരതത്തിലേക്ക് വിശുദ്ധ തോമ്മാശ്ലീഹാ അയക്കപ്പെട്ടു. അപ്പോസ്തോലന്റെ ഉപദേശത്താലും രക്തസാക്ഷി മരണത്താലും മലങ്കരസഭ രൂപംകൊണ്ടു. മലങ്കരസഭാ പിതാക്കന്മാർ അഭംഗുരം, അനസ്യൂതം 'മാർത്തോമൻ പൈതൃകം' 'പാലിക്കുകയും നിലനിർത്തുകയും ചെയ്യുന്നു. പരിശുദ്ധ സഭയുടെ ആരാധനയിലൂടെയും ജീവിതത്തിലൂടെയും ഉപദേശങ്ങളിലൂടെയും തലമുറകളിലേക്കു കൈമാറിക്കൊണ്ടിരിക്കുന്ന അപ്പോസ്തോലിക ഉപദേശത്തിന്റെ സജീവ സംപ്രേക്ഷണമാണ് മാർത്തോമൻ പൈതൃകം. [The Marthoman Heritage is the living transmission of the Apostolic teaching that has been handed down from generation to generation through church's life, worship and teachings.] മാർത്തോമൻ പൈതൃകം നാം ഇഷ്ടമുള്ളതിൽനിന്ന് ഒന്ന് തെരഞ്ഞെടുത്തതോ (option) പ്രത്യേക ഇഷ്ടത്താൽ മറ്റൊരാളിൽനിന്ന് ദത്തായി ലഭിച്ചതോ അല്ല; സ്വന്തം അപ്പനിൽ (പിതാവിൽ) നിന്നു ലഭിച്ചതാണ്. ജന്മംകൊണ്ട് ആർജിച്ച ജീവിതമാണ് മലങ്കരസഭയ്ക്ക് മാർത്തോമൻ പൈതൃകം.

(തുടരും)

ആദ്ധ്യക്ഷ്യം

സൗമ്യത എന്ന പരിശുദ്ധാത്മഫലം

ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് SST
(കൊല്ലം ഭദ്രാസന മെത്രാപ്പോലീത്താ & O.S.S.A.E പ്രസിഡന്റ്)

കലുഷിതമായ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. ഒരു മൂന്നാം ലോകമഹായുദ്ധം നമ്മുടെ മുൻപിൽ സാധ്യതയായി നിലനിൽക്കുന്നു. കൂടുതൽ രാജ്യങ്ങൾ യുദ്ധമുഖത്തേക്ക് എത്തുന്നു. പരസ്പരം വെല്ലുവിളിയും വാഗ്വാദവും ദുഷിപ്പും ഉയർത്തുന്നു. സൗമ്യതയോടെ ഇടപഴകുവാൻ വ്യക്തികളും രാജ്യങ്ങളും മറന്നുപോകുന്നു. ഈ പശ്ചാത്തലത്തിൽ 'സൗമ്യതയുള്ളവരാകുക' എന്നത് അനിവാര്യമാണ്. വിശുദ്ധ ഗ്രന്ഥം സൗമ്യതയുടെ മഹനീയത വെളിപ്പെടുത്തുന്നുണ്ട്. ക്രിസ്ത്യാനികൾ ഇത് ജീവിതത്തിന്റെ ഭാഗമാക്കണം. സൗമ്യതയോടെ ഇടപെടുവാൻ നാം ശ്രമിക്കുമ്പോൾ യുദ്ധങ്ങൾ അവസാനിക്കും, കലഹങ്ങൾ ശമിക്കും, വിഭാഗീയത ഇല്ലാതാകും. ഈ ബോധ്യം എല്ലാവരിലും ഉണ്ടാകുമ്പോൾ സമാധാനവും ഐക്യവും അനുരഞ്ജനവും സാധ്യമാകും.

വചനമാം ദൈവത്തിന്റെ മനുഷ്യാവതാരം സൗമ്യതയുടെ ശ്രേഷ്ഠമായ ആവിഷ്കാരമാണ്. കാർത്തേജിലെ എപ്പിസ് ക്കോപ്പയായിരുന്ന സിപ്രിയൻ എഴുതി: 'ക്രിസ്തുവിനെ സാക്ഷിക്കുന്നവൻ താൻ ഏറ്റുപറയുന്ന ക്രിസ്തുവിനെ അനുകരിക്കണം. കാരണം, ക്രിസ്തു പിതാവിനാൽ ഉയർത്തപ്പെട്ടിരിക്കുന്നു. പിതാവായ ദൈവത്തിന്റെ വചനവും, ശക്തിയും, ജ്ഞാനവും ആയിരുന്നവൻ ഭൂമിയിൽ തന്നെത്താൻ താഴ്ത്തി. അവന്റെ താഴ്മയ്ക്കുള്ള പ്രതിഫലമായി പിതാവിൽ നിന്നും അവന് ഉന്നതനാമം ലഭിച്ചു.' റോമിലെ എപ്പിസ്ക്കോപ്പയായിരുന്ന ക്ലിമ്മീസ് കൊരിന്തിലെ സഭയോട് ഇപ്രകാരം പ്രബോധിപ്പിച്ചു: 'നിങ്ങളുടെ കുട്ടികൾ യഥാർത്ഥ ക്രിസ്തീയ പരിശീലനം നേടട്ടെ. താഴ്മ ദൈവമുമ്പാകെ വലിയ പ്രയോജനം ചെയ്യുമെന്ന് അവർ മനസ്സിലാക്കട്ടെ.' വിനയത്തോടും സൗമ്യതയോടും ശ്രദ്ധയോടും താല്പര്യത്തോടും പ്രാർത്ഥിക്കണമെന്ന് സഭ നമ്മോട് നിർദേശിക്കുന്നു. ശരീരത്തിലും മനസ്സിലും വാക്കുകളിലും സൗമ്യത വെളിപ്പെടണം.

തന്നെത്താൻ ഉയർത്തുന്നതിനും മേനി നടിക്കുന്നതിനുള്ള ശ്രമങ്ങളാണ് എല്ലായിടങ്ങളിലും ഉള്ളത്. എന്നാൽ തന്നെത്താൻ താഴ്ത്തുന്ന അനുഭവം കുറയുന്നു. അടിസ്ഥാനമില്ലാത്തവരാണ് സ്വയം ഉയർത്തുവാൻ ശ്രമിക്കുന്നത്. എന്നും പ്രാഗത്ഭ്യത്തോടെ നിലനിൽക്കാൻ കഴിയും എന്ന് അവർ തെറ്റിദ്ധരിക്കുന്നു. എന്നാൽ അവരുടെ വീഴ്ച വലുതായിരിക്കും. ശാശ്വതമായി നിലനിൽക്കുവാൻ അവർക്ക് കഴിയുകയില്ല. സൗമ്യതയുള്ളവർ പരസ്പരം ബഹുമാനിക്കും. കാരണം മറ്റുള്ളവരിലെ ദൈവിക സാന്നിധ്യവും മികവും തിരിച്ചറിയുവാൻ അവർക്ക് കഴിയുന്നുണ്ട്. വ്യക്തികളും പ്രസ്ഥാനങ്ങളും രാഷ്ട്രങ്ങളും പരസ്പരം ബഹുമാനിക്കണം. സ്വന്തം പരിമിതികൾ, വെല്ലുവിളികൾ എന്നിവയെക്കുറിച്ചു ബോധ്യമില്ലാത്തവർ മറ്റുള്ളവരുടെ തെറ്റുകളും കുറവുകളും കണ്ടെത്തുവാൻ പരിശ്രമിക്കും. മറ്റുള്ളവരുടെ വികലതകൾ ആഘോഷിക്കും. നന്മയെ ഉൾക്കൊള്ളുവാനും പ്രോത്സാഹിപ്പിക്കുവാനും മറന്നുപോകും. എന്നാൽ സൗമ്യതയുള്ളവർ നന്മയെ ഉൾക്കൊള്ളുകയും തിന്മയോട് സന്ധിയില്ലാത്ത പോരാട്ടം നടത്തുകയും ചെയ്യും. അവർ തിന്മയോട് ഒത്തുതീർപ്പ് ഉണ്ടാക്കുകയില്ല.

"ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ" എന്ന് പൗലോസ് ശ്ലീഹാ പ്രബോധിപ്പിച്ചു (ഫിലിപ്പ്യർ 2:3). മറ്റുള്ളവർ ആയിരിക്കുന്ന അവസ്ഥയിൽ അവരെ അംഗീകരിക്കുവാനും അവരിലെ നന്മകളെ ഉൾക്കൊള്ളുവാനും സൗമ്യതയുള്ളവർ പരിശ്രമിക്കും. കാരണം അവർക്ക്

വിവേചന ശക്തിയുണ്ട്. തങ്ങളുടെ ആയുധവും സൈനിക ബലവും ലോകത്തിനു മുമ്പാകെ പ്രകടിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും നയങ്ങളുമാണ് ഭൂരിപക്ഷം രാജ്യങ്ങളും നടത്തുന്നത്. ഈ പ്രകടനപരത അവരെ നാശത്തിലെത്തിക്കും. ഈ ലോകത്തിൽ നന്മയും സമാധാനവും നിലനിർത്തുന്നതിന് സമയവും സാഹചര്യവും ധനവും ചിലവിടുന്നതിന് അവർ മറന്നുപോകുന്നു.

യേശുക്രിസ്തു ഗിരിപ്രഭാഷണത്തിലെ അഷ്ട സൗഭാഗ്യ വർണ്ണനയിൽ "സൗമ്യതയുള്ള ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും" എന്ന് പഠിപ്പിച്ചു (മത്തായി 5:5). അനുരഞ്ജനത്തിലേക്കും ഐക്യത്തിലേക്കും നയിക്കുന്ന വേദികളെയും സംഘടനകളെയും തമസ്കരിക്കുന്നവർ ക്ഷമയോടെ വിധേയപ്പെടുവാൻ മറന്നുപോകുന്നു. ചിന്താശൂന്യത പ്രകടിപ്പിക്കുന്നവർ ഇടപെടലുകളിൽ സഭ്യത പുലർത്തുന്നില്ല. നിയന്ത്രണ സംവിധാനങ്ങളോടു വിധേയപ്പെടുവാൻ അവർക്ക് താല്പര്യം ഇല്ല. എന്നാൽ ജീവിതത്തിൽ നിർമ്മലതയും സൗമ്യതയും പുലർത്തുന്നവരെ സഹജീവികൾ ആദരിച്ച് അനുധാവനം ചെയ്യും.

തങ്ങളോട് യാതൊരു സംബന്ധവും ഇല്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നതിനുള്ള ശ്രമങ്ങൾ ഭരണകൂടങ്ങളിൽ നിന്നും ഉണ്ടാകുന്നു. വിവേകശൂന്യമായ ഇടപെടലുകൾ തകർച്ചയിലേക്ക് നയിക്കുന്നു. മനുഷ്യരോടു സഹാനുഭൂതിയും ഔദാര്യവും പുലർത്തുന്നവർ സമാധാനം നിലനിർത്തുന്നവരാണ്. ഉൾക്കടലിലെ വെള്ളം സമ്പൂർണ്ണ ശാന്തമാണ്. കാരണം അവിടെ കലുഷിതമായ തിരയില്ല. ഭരണാധികാരികളുടെ വാക്കുകൾ സഭ്യതയും മാന്യതയും നിഷ്കളങ്കതയും വെളിപ്പെടുത്തുന്നതാകണം. വാക്കുകൾ ശ്രദ്ധിക്കണം എന്ന് യേശുക്രിസ്തുവും, യാക്കോബ് ശ്ലീഹായും ഓർമ്മിപ്പിക്കുന്നു. "നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ" (യാക്കോബ് 1:26).

വ്യക്തിത്വ രൂപീകരണത്തിന് സൗമ്യത അനിവാര്യമാണ്. നാം ജീവിക്കുന്ന ലോകത്ത് നിലനിൽക്കുന്ന വെല്ലുവിളികളെ അതിജീവിച്ച് വിജയത്തിലെത്തുവാൻ ഈ പരിശുദ്ധാത്മ ഫലം സഹായിക്കും. സമയവും സാഹചര്യവും, അഭിസംബോധന ചെയ്യുന്ന വ്യക്തികളെയും പരിഗണിച്ച് സഭ്യതയോടെ നാം സംസാരിക്കണം. ശുചിത്വവും വെടിപ്പും പുലർത്തി ജീവിക്കുന്നതും സൗമ്യതയുടെ സൂചനയാണ്. പ്രായത്തിനും ലിംഗവ്യത്യാസത്തിനും അനുയോജ്യമായ വസ്ത്രം ധരിക്കുന്നത് സൗമ്യതയുടെ ബാഹ്യ അടയാളമാണ്. അതുവഴി വ്യക്തിക്ക് മൂല്യവും ആദരവും ലഭ്യമാകുന്നു. യുദ്ധമുഖരിതമായ ഒരു ലോക സാഹചര്യത്തിൽ സൗമ്യതയോടെ നിലകൊള്ളുവാൻ എല്ലാവർക്കും, വിശേഷാൽ നമ്മുടെ ഭരണാധികാരികൾക്കും ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കാം.

"തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും" (മത്തായി 23:12) എന്ന് യേശു വെളിപ്പെടുത്തിയത് ഓർക്കുക. സഭാസമൂഹത്തിൽ ഏവരും സൗമ്യതയോടെ പ്രവർത്തിക്കണം എന്ന് പത്രോസ് ശ്ലീഹാ ഓർമിപ്പിച്ചു. "അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്കു കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ; ദൈവം നിഗളികളോടു എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു; അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ" (1 പത്രോസ് 5:5-6).

ആത്മീയ പുരോഗതി നേടുന്നതിന് ആഗ്രഹിക്കുന്ന വ്യക്തി പ്രഥമമായി സൗമ്യതയുള്ള ജീവിതം നയിക്കണം. എല്ലാത്തിലും മിതത്വം പാലിക്കണം. ക്ഷുഭിതമായ മനസ്സും ഹൃദയവും അസ്വസ്ഥത ഉണ്ടാകും. "സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; സൗമ്യതയുള്ളവർക്കു തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു" (സങ്കീർത്തനം 25:9). ഈ ലോകപരമായ ജ്ഞാനവും ധനവും മുഴുവൻ ആർജ്ജിച്ചാലും സൗമ്യത ഇല്ലെങ്കിൽ ആത്മീയ പുരോഗതി നേടാനാവില്ല. വിശുദ്ധ ഗ്രന്ഥം വായിക്കുമ്പോഴും ലോകത്തിലെ വിവിധ സംഭവങ്ങൾ വിശകലനം ചെയ്യുമ്പോഴും ആഴമേറിയ ആത്മീയ ചിന്തകൾ ബുദ്ധിയിൽ കടന്നുവരുന്നതിന് വിനയവും സൗമ്യതയും സഹായിക്കും. വികാരങ്ങൾക്ക് അടിമപ്പെടാതെ വിമോചിതരായി മുന്നോട്ടു പോകാൻ ഇടയാകും. വിവിധ വിഷയങ്ങളിൽ അകപ്പെട്ട് ബുദ്ധി അലഞ്ഞു തിരിയാതെ ദൈവികമായ വിഷയങ്ങളിൽ കേന്ദ്രീകരിക്കുവാൻ സഹായിക്കും. സൗമ്യത പരിശീലിക്കുവാൻ തയ്യാറാകുമ്പോൾ ദൈവിക കൃപയും സഹായവും ഒപ്പമുണ്ടാകും. •

ലേഖനം

നിഖ്യാ വിശ്വാസപ്രമാണവും ത്രിത്വദർശനത്തിന്റെ പ്രസക്തിയും

ഫാ. ഡോ. ബിജേഷ് ഫിലിപ്പ്
ഓർത്തഡോക്സ് സെമിനാരി, കോട്ടയം

അപ്പോസ്തോലിക വിശ്വാസത്തിന്റെ വിവിധ ആവിഷ്കാരങ്ങളിൽ പ്രധാനമായ ഒന്നാണല്ലോ വിശ്വാസപ്രമാണം. ക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്നേഹത്തോടുള്ള പ്രതികരണം ആയിട്ടാണല്ലോ അപ്പോസ്തോലിക വിശ്വാസം അഥവാ ആദിമസഭയുടെ വിശ്വാസം രൂപപ്പെടുന്നത്. അതിനെ അവർ വേദപുസ്തകത്തിലൂടെയും ആരാധനയിലൂടെയും വിശ്വാസപ്രമാണത്തിലൂടെയും ആവിഷ്കരിച്ചു. വിശ്വാസപ്രമാണ രൂപീകരണം നടത്തിയ നിഖ്യാസുന്നഹദോസിന്റെ 1700-ാം വാർഷികത്തിൽ ആദിമ സഭയുടെ വിശ്വാസ ബോധ്യം അടുത്തറിഞ്ഞ് വിശ്വാസാധിഷ്ഠിത സാക്ഷ്യത്തിൽ ശക്തിപ്പെടുവാനുള്ള അവസരം നമുക്ക് ലഭിച്ചിരിക്കുകയാണ്.

ആദ്യ പ്രധാന സാർവ്വത്രിക സുന്നഹദോസ്

റോമാ സാമ്രാജ്യത്തിൽ കുസ്തന്തീനോസ് ചക്രവർത്തി ആണല്ലോ സഭ വളർന്നു കഴിഞ്ഞുള്ള ആദ്യ പ്രധാന സുന്നഹദോസ് 325ൽ വിളിച്ചു കൂട്ടിയത്. കോൺസ്റ്റാന്റിനോപ്പിളിനടുത്തുള്ള നിഖ്യായിൽ (ഇന്നത്തെ തുർക്കിയിലെ Iznik) വിളിച്ച് കൂട്ടിയ പൊതു സുന്നഹദോസിൽ മുന്നൂറിലധികം മെത്രാന്മാരും അവരോടൊപ്പം വന്ന വൈദികരും ശെമ്മാശന്മാരും സംബന്ധിച്ചു. അലക് സാന്ത്രിയായിലെ മെത്രാപ്പോലീത്ത അലക് സാണ്ടർ അദ്ദേഹത്തിന്റെ കീഴിലെ വൈദികനായിരുന്ന അറിയൂസിന്റെ വിശ്വാസ സംബന്ധമായ പഠിപ്പിക്കലിനെതിരെ ശക്തമായ നിലപാട് എടുത്തതു വഴി, സഭയിൽ വിഭാഗീയ ചിന്തകൾ ഉണ്ടായത് സാമ്രാജ്യത്തിന്റെ ഐക്യത്തെ ബാധിക്കും എന്ന ചിന്തയും ചക്രവർത്തിയെ സ്വാധീനിച്ചിരുന്നു. ചക്രവർത്തിയുടേത് പ്രധാനമായും രാഷ്ട്രീയ ലക്ഷ്യമായിരുന്നെങ്കിലും, സുന്നഹദോസിൽ സംബന്ധിച്ച ആത്മപ്രേരിതരായ പല നേതാക്കളും ആത്മാർത്ഥമായി ശ്രമിച്ചതിന്റെ ഫലമായി വിശ്വാസപ്രമാണം രൂപപ്പെടുത്തുവാനും ഉയിർപ്പ് പെരുന്നാളിന്റെ തീയതി ഉൾപ്പെടെ പലകാര്യങ്ങളിലും ആദിമ സഭയെ സംബന്ധിച്ചുള്ള പ്രധാന തീരുമാനങ്ങൾ എടുക്കുവാനും അതിലൂടെ സാധിച്ചു.

നിഖ്യാ-കുസ്തന്തിനോപോലീസ് വിശ്വാസപ്രമാണം

'പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു' എന്ന ഒരു ചെറു പരാമർശം മാത്രമായിരുന്നു നിഖ്യായിൽ രൂപപ്പെടുത്തിയ പ്രമാണത്തിൽ പരിശുദ്ധ റൂഹായെ സംബന്ധിച്ച് ഉണ്ടായിരുന്നത്. ഇന്ന് കാണുന്ന വിധത്തിലേക്ക് വിശ്വാസപ്രമാണത്തെ വിപുലപ്പെടുത്തിയത് 381ൽ കുസ്തന്തിനോപോലീസിൽ (കോൺസ്റ്റാന്റിനോപ്പിൾ) വച്ച് നടത്തപ്പെട്ട രണ്ടാമത്തെ സാർവ്വത്രിക സുന്നഹദോസിൽ കൂടെ ആയിരുന്നതുകൊണ്ട് ശരിക്കും ഇന്ന് നമ്മൾ ഉപയോഗിക്കുന്നത് നിഖ്യാ-കുസ്തന്തിനോപോലീസ് വിശ്വാസ പ്രമാണമാണ്. ഇന്ന് ചുരുക്കത്തിൽ 'നിഖ്യാ വിശ്വാസപ്രമാണം' എന്ന് പറയുമ്പോൾ ക്രിസ്തുവിനോടും പരിശുദ്ധാത്മാവിനോടും ബന്ധപ്പെട്ട വേദപരിതങ്ങളോട് വിയോജിച്ച് പരിശുദ്ധ ത്രിത്വ വിശ്വാസം ഉറപ്പാക്കിയ വിപുലമായ വിശ്വാസപ്രമാണം തന്നെയാണ് അർത്ഥമാക്കുന്നത്. 1700 വർഷങ്ങൾക്കിപ്പുറം ഇന്നും ബഹുഭൂരിപക്ഷം സഭകളും ഉപയോഗിക്കുന്ന ത്രിത്വ വിശ്വാസാധിഷ്ഠിതമായ വിശ്വാസപ്രമാണത്തിന്റെ ചുരുക്കപ്പേരായി 'നിഖ്യാ'യെ മനസ്സിലാക്കാം. ആദിമസഭയുടെ ഈ പൈതൃകം ഇന്ന് സഭകളുടെ എക്യൂമിനിസത്തിന്റെ ഒരു പ്രധാന അടിസ്ഥാനമായും കരുതാം.

വിശ്വാസത്തിന്റെ സംക്ഷിപ്ത ക്രോഡീകരണം

നിഖ്യാ വിശ്വാസപ്രമാണം എന്നത് സഭ പുതുതായി ഒരു വിശ്വാസം എഴുതി ഉണ്ടാക്കിയതല്ല. പ്രത്യുത ആദിമസഭയുടെ വിശ്വാസത്തിന്റെ ഒരു സംക്ഷിപ്ത ക്രോഡീകരണം ആയിരുന്നു. ക്രിസ്തീയ വിശ്വാസത്തോടു എന്തെങ്കിലും പുതുതായി ചേർക്കുകയല്ലായിരുന്നു, മറിച്ച് സഭയുടെ

മനസ്സറിഞ്ഞ് മുമ്പേ ഉണ്ടായിരുന്ന വിശ്വാസത്തെ സുവ്യക്തമായും സൂക്ഷ്മമായും രൂപപ്പെടുത്തി എഴുതുകയായിരുന്നു നിഖ്യാ കുസ്തന്തിനോപോലീസ് സുന്നഹദോസുകളിലായി ചെയ്തത്.[1] അതുകൊണ്ട് ആദിമസഭ രൂപപ്പെടുത്തിയ വേദപുസ്തകവും പ്രത്യേകിച്ച് പുതിയ നിയമവും ആരാധനാ സാഹിത്യവും ഈ വിശ്വാസപ്രമാണവും തമ്മിൽ തികഞ്ഞ പൊരുത്തമാണ് കാണുവാൻ കഴിയുന്നത്.

പിതാവിനോടും പുത്രനോടും പരിശുദ്ധാത്മാവിനോടും ബന്ധപ്പെട്ട ത്രിത്വ വിശ്വാസമാണ് ഈ പ്രമാണത്തിൽ പ്രധാനം. ഇത് ബഹുദൈവ വിശ്വാസം അല്ല. 'സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു' എന്നാണല്ലോ ഈ പ്രമാണം പ്രഖ്യാപിക്കുന്നത്. കൂടാതെ സഭ, മാമോദീസ, മരിച്ചവരുടെ പുനരുത്ഥാനം, നിത്യജീവൻ തുടങ്ങിയവ സംബന്ധിച്ച വിശ്വാസവും ഈ പ്രമാണം പ്രസ്താവിക്കുന്നു.

ത്രിത്വാധിഷ്ഠിത വിശ്വാസം നിഖ്യായ്ക്കു മുമ്പ്

ത്രിത്വദർശനം ലോകത്തിന് വെളിവായി വന്നത് പ്രധാനമായും ക്രിസ്തുവിനോട് ബന്ധപ്പെട്ടും ക്രിസ്തുവിലൂടെയും ആണ്. ക്രിസ്തുവിന്റെ ജനനം സംബന്ധിച്ച വചനിപ്പിലും ക്രിസ്തുവിന്റെ മാമോദീസാ സമയവും ഈ വെളിപ്പെടുത്തലുകൾ പ്രകടമായി കാണുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കാനുള്ള കർതൃവചനത്തിലും (മത്തായി 28:29), 'പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയക്കാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽനിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും' (യോഹന്നാൻ 15:26) തുടങ്ങിയുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കലുകളിലും, പരിശുദ്ധ പൗലോസ് ശ്ലീഹായുടെ ത്രിത്വനാമത്തിലുള്ള ആശീർവാദത്തിലും (2 കൊരിന്ത്യർ 13:14), 'അവൻ ദൈവത്തിന്റെ വലഭാഗത്തേക്ക് ആരോഹണം ചെയ്ത് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോട് വാങ്ങി നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് പകർന്നുതന്നു' (അപ്പോസ്തോല പ്രവൃത്തികൾ 2:32, 33) എന്ന പത്രോസ് ശ്ലീഹായുടെ പ്രസംഗശകലത്തിലും, സമാന വേദഭാഗങ്ങളിലും, ത്രിത്വപരാമർശങ്ങൾ കാണാൻ സാധിക്കും. ആദ്യ നാല് നൂറ്റാണ്ടുകൾ കൊണ്ട് വളർന്ന് വികസിച്ച പരിശുദ്ധ ത്രിത്വവിശ്വാസത്തിന്റെ വിത്തുകൾ ഇവിടെ കണ്ടെത്താം. പുതിയ നിയമ കാലത്തിനു ശേഷം നിഖ്യായ്ക്കു മുമ്പ് ത്രിത്വവിശ്വാസം പഠിപ്പിച്ചവരിൽ പ്രധാനികളാണ് അന്ത്യോക്യയിലെ ഇഗ്നാത്തിയോസ്, ലയോൺസിലെ ഐറേനി യോസ്, തെർത്തുല്യൻ, ഒരിഗൻ മുതലായവർ.

ചില വേദവിരുദ്ധ ചിന്തകളുടെ പരോക്ഷ പ്രചോദനം

ത്രിത്വ ദർശനത്തെ ലളിതവൽക്കരിക്കാനും ഏകദൈവ വിശ്വാസം ഉറപ്പാക്കാനുമുള്ള ശ്രമത്തിൽ രണ്ടുതരം വിരുദ്ധ ചിന്തകളാണ് ആദിമ നൂറ്റാണ്ടുകളിൽ രൂപപ്പെട്ടത്. ഒന്നാമത് ത്രിത്വത്തിലെ വൈവിധ്യം നിഷേധിക്കുന്ന ചിന്തയാണ്. ഒരാൾ വിവിധ റോളിൽ അഭിനയിക്കുന്നത് പോലെയാണ് പിതാവും പുത്രനും പരിശുദ്ധ റൂഹായും ചരിത്രത്തിൽ വെളിപ്പെടുന്നത് എന്ന പഠിപ്പിക്കലാണിത്. ദൈവത്തിൽ മൂന്നു വ്യത്യസ്ത വ്യക്തികൾ എന്നത് ഏകദൈവ വിശ്വാസത്തിന് ഭീഷണിയാകുമെന്ന ചിന്തയാണ് 'മോഡലിസം' (Modalism) അഥവാ സബല്യനിസം (Seballianism എന്നറിയപ്പെടുന്ന ഈ വീക്ഷണത്തിന് പിന്നിലുള്ളത്.

മറ്റൊരുതരം വിരുദ്ധ ചിന്തയാണ് പിതാവിനെ മാത്രം ദൈവമായി കരുതുകയും പുത്രനെയും പരിശുദ്ധാത്മാവിനെയും സൃഷ്ടിയുടെ ഭാഗമാക്കുകയും ചെയ്തു ഏകദൈവവിശ്വാസം ഉറപ്പാക്കാനുള്ള ശ്രമം. നിഖ്യായിൽ പ്രധാനമായും എതിർപ്പ് നേരിട്ടത് മൂന്നാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഈജിപ്തിലെ സഭയിൽ പൊട്ടിമുളച്ച് നാലാം നൂറ്റാണ്ടിൽ ശക്തിയാർജിച്ച് പലയിടങ്ങളിലേക്കും വളർന്നു തുടങ്ങിയ അലക്സാന്ത്രിയായിലെ അറിയോസ് എന്ന വൈദികന്റെ പേരിൽ അറിയപ്പെടുന്ന ഉപദേശമാണ്. ക്രിസ്തുവിനെ സൃഷ്ടിയായി കാണുന്ന ചിന്തയാണിത്. അറിയോസിന്റെ ചിന്തയിൽ അനാദിയും ഏകനുമായ ദൈവം ഇല്ലായ്മയിൽ നിന്നും ആദ്യ സൃഷ്ടിയായി ലോഗോസിനെ അഥവാ വചനത്തെ (പുത്രൻ - ക്രിസ്തു) സൃഷ്ടിച്ചു. അതുകൊണ്ട് പുത്രൻ ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. പുതിയ നിയമ പുസ്തകങ്ങളുടെ സന്ദേശത്തിന്റെ പൊരുൾ ഉൾക്കൊള്ളുന്ന സഭയുടെ പാരമ്പര്യവും മനസ്സും ഈ അറിയോന്യ പാഷാണ്ഡതയെ നിരാകരിച്ച് എന്താണ് സ്വീകാര്യമായ വിശ്വാസമെന്ന് സംവേദനം ചെയ്തു.

നിഖ്യായ്ക്ക് മൂന്ന് പതിറ്റാണ്ടിനു ശേഷമാണ് പരിശുദ്ധാത്മാവിന്റെ ദൈവത്വം നേരിട്ട് നിഷേധിച്ചുള്ള ചിന്തകൾ രൂപപ്പെടുന്നത്. അറിയോസിന്റെ ചിന്തയോടു അനുഭാവമുണ്ടായിരുന്ന കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായിരുന്ന മാസിഡോണിയസ് പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിച്ചു. അറിയോന്യ ചിന്തയുടെ വകഭേദം ആയിരുന്ന മാസിഡോണിയനിസത്തെ എതിർത്ത് സഭയുടെ

ത്രിത്വ വിശ്വാസത്തെ ഉറപ്പാക്കാൻ ആയിരുന്നല്ലോ 381-ൽ കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ രണ്ടാമത്തെ സാർവത്രിക സുന്നഹദോസ് ശ്രമിച്ചത്. ആ സുന്നഹദോസിലൂടെ നിഖ്യായിൽ തുടങ്ങിവച്ചത് പൂർത്തീകരിക്കപ്പെട്ടു. അങ്ങനെ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം ഉറപ്പിച്ചു പ്രഖ്യാപിക്കപ്പെട്ടു.

ത്രിത്വ വിശ്വാസം വിശ്വാസപ്രമാണത്തിൽ

വിശ്വാസപ്രമാണത്തിലെ നിർണായക ഗ്രീക്ക് വാക്കായ 'ഹോമോ ഊസിയോസ്' സമസത്തവാദമാണ് അടിവരയിടുന്നത്. 'സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നവൻ' എന്ന് പറഞ്ഞ് പുത്രന്റെ പൂർണ്ണ ദൈവത്വം പ്രഖ്യാപിക്കുന്നു. ഈ പ്രമാണ രേഖയിലെ 'സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും' എന്ന പ്രയോഗവും അറിയോനൃ പഠിപ്പിക്കലിനെതിരായി ക്രിസ്തുവിനെ സംബന്ധിച്ച സഭയുടെ ബോധ്യം പ്രഖ്യാപിക്കുന്നതാണ്.

വിശ്വാസപ്രമാണത്തിന്റെ രണ്ടാമത്തെ ഖണ്ഡികയിൽ ക്രിസ്തുവിനെ സൂചിപ്പിക്കുവാനും മൂന്നാമത്തെ ഖണ്ഡികയിൽ പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുവാനും 'കർത്താവ്' എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഗ്രീക്ക് വേദ പരിഭാഷയിൽ 'യഹോവ' എന്നതിന് നൽകിയ പദം 'കുറിയോസ്' (കർത്താവ്) എന്നായിരുന്നല്ലോ. അതേ പദം തന്നെ ഇവിടെ വിശ്വാസപ്രമാണത്തിൽ ക്രിസ്തുവിനും പരിശുദ്ധ റൂഹായ്ക്കും ഉപയോഗിക്കുക വഴി പിതാവും പുത്രനും പരിശുദ്ധ റൂഹായും ദൈവം തന്നെയെന്ന് പറയുകയും ചെയ്യുകയാണ്. 'പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും' എന്നു പരിശുദ്ധ റൂഹായെക്കുറിച്ചുള്ള പരാമർശം പിതാവും പുത്രനും പരിശുദ്ധ റൂഹായും ഒരുപോലെ ആരാധിക്കപ്പെടേണ്ടവർ ആകയാൽ ഒരുപോലെ ദൈവമാണെന്നും, അതിൽ ആരും സൃഷ്ടി അല്ലെന്നും, പ്രത്യേകിച്ച് പരിശുദ്ധ റൂഹാ പുത്രനെപ്പോലെ പിതാവിനോടും സാരാംശത്തിൽ ഒന്നായിരിക്കുന്നു എന്നും എല്ലാം അർത്ഥമാക്കുന്നുണ്ട്.

മൂന്നു ഖണ്ഡികകളിലായി ഈ വിശ്വാസ പ്രമാണത്തിൽ പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും കുറിച്ച് പറയുക വഴി ത്രിത്വത്തിലെ മൂന്ന് ആളത്തങ്ങളുടെ വൈവിധ്യം വ്യക്തമാകുന്നു. അതേസമയം എങ്ങനെ പുത്രനും പരിശുദ്ധ റൂഹായും പിതാവിനോട് ബന്ധപ്പെട്ടിരിക്കുന്നു എന്ന് പറയുകയും മൂന്ന് ആളത്തങ്ങളെയും ചേർത്ത് 'സത്യ ഏകദൈവം' എന്ന് പറയുകയും ചെയ്യുക വഴി പരിശുദ്ധ ത്രിത്വത്തിന്റെ ഐക്യവും വ്യക്തമാക്കുന്നു.

നിഖ്യാ വിശ്വാസത്തിന്റെ ആദ്യകാല പൗരസ്ത്യ വ്യാഖ്യാതാക്കൾ

325ൽ നിഖ്യാ വിശ്വാസപ്രമാണം രൂപപ്പെടുത്തിയെങ്കിലും അറിയോസിന്റെ പഠിപ്പിക്കൽ അദ്ദേഹത്തിന്റെ അനുയായികളിലൂടെ പതിറ്റാണ്ടുകൾ തളർന്നും വളർന്നും പിടിച്ചുനിന്നു. ഈ പശ്ചാത്തലത്തിൽ നിഖ്യാ വിശ്വാസത്തെ സംബന്ധിച്ച് വ്യാഖ്യാനം നടത്തിയ പ്രമുഖരായ ആദ്യകാല ദൈവശാസ്ത്രജ്ഞർ പരിശുദ്ധ ത്രിത്വം സംബന്ധിച്ച ഒരു സമഗ്രമായ ദൈവശാസ്ത്രം വികസിപ്പിച്ചു കൂടിയാണ് പ്രതിരോധം തീർത്തതെന്ന് കാണാം. 'പൈതൃക വിജ്ഞാനീയത്തിന്റെ സുവർണ്ണകാലം' എന്നറിയപ്പെടുന്ന നാലാം നൂറ്റാണ്ടിൽ പൗരസ്ത്യ പാരമ്പര്യത്തിൽ ത്രിത്വ ദർശനത്തിന്റെ വളർച്ചയ്ക്ക് നിർണായക സംഭാവനകൾ നൽകിയവരിൽ പ്രധാനികളാണ് അത്താനാസിയോസ്, വലിയ മാർ ബസേലിയോസ്, നാസിയാൻസിലെ ഗ്രീഗോറിയോസ്, നിസ്സായിലെ ഗ്രിഗോറിയോസ്, ജോൺ ക്രിസോസ്റ്റം, അപ്രേം മുതലായവർ. ഇവരുടെയൊക്കെ പഠിപ്പിക്കലുകളുടെ സാരാംശം തരംതിരിച്ചെന്ന് പരിശോധിക്കാം.

ത്രിത്വത്തിലെ ഒരുമയും ഐക്യവും

ത്രിത്വവിശ്വാസം ബഹുദൈവ വിശ്വാസത്തിലേക്ക് വീണുപോകാതെ സംരക്ഷിക്കുവാൻ ത്രിത്വത്തിലെ ഐക്യം ഉറപ്പാക്കുന്ന ആദ്യകാല പൗരസ്ത്യ ചിന്തകരുടെ വിചാരങ്ങൾ താഴെപ്പറയും വിധമാണ്.

1. സമസത്ത വാദം

പുത്രനും പരിശുദ്ധ റൂഹായും സാരാംശത്തിൽ പിതാവിനോട് ഒന്നായിരിക്കുന്നു എന്ന വിശ്വാസപ്രമാണ 'ഹോമോ ഊസിയ' (സമസത്ത) വാദം ആദിമ ക്രിസ്തീയ ചിന്തകർ വിശ്വാസപ്രമാണ വ്യാഖ്യാനത്തിൽ പല രീതിയിൽ അവതരിപ്പിക്കുന്നുണ്ട്. പിതാവിന്റെയും പുത്രന്റെയും സമനിത്യതയും ഏക സാരാംശവും അവർ വ്യക്തമാക്കുവാൻ ശ്രമിച്ചു. ഒരുപോലെ പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഉള്ള നിത്യതയും അസൃഷ്ടിതാവസ്ഥയും എല്ലാം സമസത്തയുടെ വിശദീകരണങ്ങളാണ്.[2]

2. ഒരേ ഇച്ഛയും ഒരേ പ്രവർത്തനവും

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും ഐക്യം വിശദമാക്കുമ്പോൾ ഈ വേദപണ്ഡിതർ ഒരേ ഇച്ഛയും ഒരേ പ്രവർത്തനവും എടുത്തു പറയുന്നു. പരിശുദ്ധ ത്രിത്വത്തിൽ മൂന്നു വ്യത്യസ്തങ്ങളായ ആളത്തങ്ങൾ ഉണ്ടെങ്കിലും ഏക ഇച്ഛയോടെ ഒരുമിച്ച് പ്രവർത്തിക്കുന്നു. നിസ്സായിലെ ഗ്രിഗോറിയോസ് പറയുന്നു; 'അങ്ങനെയുള്ള ഓരോ പ്രവൃത്തിയും; പിതാവിൽ

നിന്ന് തുടങ്ങി പുത്രനിലൂടെ നീങ്ങി പരിശുദ്ധ റൂഹായിലൂടെ പൂർത്തീകരിക്കപ്പെടുന്നു. കർത്താക്കളുടെ വൈവിധ്യം ഉണ്ടെങ്കിലും പ്രവൃത്തി ഒന്നാണ്. സൃഷ്ടി, അതിന്റെ പരിപാലനം, തുടങ്ങി ഏത് പ്രവർത്തനവും മൂന്നു പേരുടെയും ഒരുമിച്ചുള്ള പ്രവർത്തനമായാണ് സംഭവിക്കുന്നത്. മൂന്ന് കാര്യങ്ങളല്ല, ഒന്നാണ്.[3]

മനസ്സിലാകുന്ന രീതിയിൽ ഇതൊന്നു വിശദമാക്കാം. സ്വന്തം കൈനീട്ടി മറ്റൊരാൾക്ക് ഹസ്തദാനം നൽകുന്നതും കയ്യിൽ പേന പിടിച്ച് ഒരു എഴുത്ത് എഴുതി തീർക്കുന്നതും ഓർക്കുക. അവിടെ ആ പ്രവർത്തികൾക്ക് പിന്നിൽ കരം മാത്രമല്ല കരത്തിലേക്ക് വരുന്ന ഉള്ളിലെ ഞരമ്പും ആ ഞരമ്പിന്റെ സ്രോതസായ മസ്തിഷ്കവും ഒരുപോലെ പ്രവർത്തിച്ചാണ് ആ പ്രവൃത്തി നടക്കുന്നത്. കൈ മാത്രം പുറമേ കാണുമ്പോഴും അതിനോടൊപ്പം അദൃശ്യമായി ഞരമ്പും മസ്തിഷ്കവും പ്രവർത്തിക്കുന്നതുപോലെയാകും ചരിത്രത്തിൽ വെളിവായ ക്രിസ്തുവിനോടൊപ്പം പിതാവും പരിശുദ്ധാത്മാവും ചേർന്ന് പ്രവർത്തിച്ചത്. ത്രിത്വത്തിന്റെ ഐക്യത്തോടെയുള്ള പ്രവർത്തനത്തെ പ്രതീകാത്മകമായി വ്യക്തമാക്കാൻ ശ്രമിച്ചു എന്ന് മാത്രം.

3. പെരിക്കോസിസ് (Perichoresis)

'പെരിക്കോറെസിസ്' എന്ന ഗ്രീക്ക് വാക്കും ത്രിത്വത്തിലെ ഐക്യത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്നതാണല്ലോ. ഇത് പരസ്പരമുള്ള സഹവാസത്തെ സൂചിപ്പിക്കുന്നു. ത്രിത്വത്തിലെ ഓരോ ആളിന്റെയും വ്യതിരക്തത നിലനിൽക്കുമ്പോൾ തന്നെ രണ്ടുപേരുടെയും ജീവനിൽ പങ്കുചേരുന്നു എന്നാണ് ഇതിന്റെ ആശയം. ഒരാൾ ഒരു പ്രവർത്തനത്തിൽ മുന്നിൽ നിൽക്കുമ്പോഴും മറ്റു രണ്ടു പേരും ഒപ്പം ഉണ്ടാകും എന്ന ആശയമാണ് ഈ പെരിക്കോറെസിസ്.

4. പിതാവ് ഐക്യത്തിന്റെ തത്വം

ത്രിത്വത്തിന്റെ ഐക്യത്തിന്റെ മറ്റൊരു പ്രധാന അടിസ്ഥാനമായി പിതാക്കന്മാർ പറയുന്നത് പിതാവ് എന്ന വ്യക്തിയാണ്. 'പിതാവ് ഒരുവൻ ആകയാൽ പരിശുദ്ധ ത്രിത്വം ഒന്നാകുന്നു' എന്ന വലിയ മാർ ബസേലിയോസിന്റെ പ്രസ്താവന ശ്രദ്ധേയമാണ്. പുത്രന്റെയും പരിശുദ്ധ റൂഹായുടെയും വ്യത്യസ്തങ്ങളായ വ്യക്തിത്വങ്ങൾ നിത്യമായി ഉരുത്തിരിയുന്നത് പിതാവ് എന്ന വ്യക്തിയിൽ നിന്നുമാണ്. പിതാവിനെ ഐക്യം ഉറപ്പാക്കുന്ന സ്രോതസ്സായി കാണുന്ന രീതിയാണ് ഈ പിതാക്കന്മാരിൽ കാണുന്നത്. പിതാവിൽ നിന്ന് ജനിക്കുന്ന പുത്രനെയും പിതാവിൽ നിന്ന് പുറപ്പെടുന്ന പരിശുദ്ധ റൂഹായെയും സംബന്ധിച്ച വേദ വെളിപാടുകളുടെ (യോഹന്നാൻ 15:26) അടിസ്ഥാനത്തിൽ നിന്നു കൂടിയാണ് അവർ ഈ ചിന്ത വളർത്തുന്നത്.

ആളത്വ വൈവിധ്യം

ഐക്യം പറയുമ്പോൾ തന്നെ ത്രിത്വത്തിലെ ആളത്വ വ്യത്യാസവും വ്യക്തമായി പറയുന്ന രീതിയാണ് കപ്പദോക്യൻ പിതാക്കന്മാർ എടുത്തത്. അറിയോസിന്റെ തരംതാഴ്ത്തി, തരംതിരിക്കുന്ന ത്രിത്വ ചിന്തയെ എതിർക്കുന്നതോടൊപ്പം മൂന്നും ഒരാളാക്കുന്ന സബല്യനിസത്തിന്റെ ഉപരിപ്ലവ ചിന്തയെയും അവർ എതിർക്കുന്നു. അതിന്റെ ഭാഗമായാണ് ത്രിത്വത്തിൽ മൂന്ന് വ്യത്യസ്ത ആളത്തങ്ങൾ നിത്യതയിൽ തന്നെ ഉണ്ടെന്ന സത്യം ഇവർ ഊന്നൽ നൽകി പഠിപ്പിക്കുന്നത്.

ദൈവത്തിന്റെ അജ്ഞേയത

ഏക സത്തയും മൂന്ന് വ്യക്തികളും ത്രിത്വത്തെക്കുറിച്ച് ഇങ്ങനെയെല്ലാം പഠിപ്പിക്കുമെങ്കിലും ദൈവത്തിന്റെ യഥാർത്ഥ സത്ത മനുഷ്യന്റെ പരിമിതമായ ബുദ്ധിക്ക് മനസ്സിലാക്കുവാൻ പറ്റുന്നതല്ല എന്ന് ഈ വിശുദ്ധ വേദവ്യാഖ്യാതാക്കൾ വിനയത്തോടെ ഓർക്കുവാൻ പഠിപ്പിക്കുന്നു. വിശ്വാസപ്രമാണത്തിലെ കമ്പി വാചകങ്ങൾ കൊണ്ടൊന്നും ദൈവിക രഹസ്യങ്ങളെ പൂർണ്ണമായും മനസ്സിലാക്കുക സാധ്യമല്ല എന്നും ആ ശ്രമത്തിന് പരിമിതികൾ ഉണ്ടെന്നതും ഇതിനോട് ചേർത്ത് മനസ്സിലാക്കാം. ത്രിത്വത്തെ സംബന്ധിച്ച് എന്തെങ്കിലും മനസ്സിലാക്കുവാൻ കഴിയുമെങ്കിൽ അത് ത്രിത്വം സ്വയം വെളിപ്പെടുത്തിയതുകൊണ്ടാണ്.

വിശ്വാസപ്രമാണം ഒരു ആരാധനയും ആശ്രയവും

അന്വേഷിച്ച് അറിയാൻ പരിമിതികൾ ഉണ്ടെങ്കിലും ത്രിത്വത്തെ ആരാധിച്ചു അനുഭവിക്കാം. വിശ്വാസപ്രമാണം തന്നെ ആരാധനയുടെ ഭാഗമായിട്ടാണല്ലോ പ്രധാനമായും ഉപയോഗിക്കുന്നത്. 'ഞങ്ങൾ വിശ്വസിക്കുന്നു' എന്ന സാമൂഹ്യഭാവം അതിന് വരുന്നതും ഈ പശ്ചാത്തലത്തിലാണ്.

ത്രിത്വത്തിനുള്ള സ്തുതിയും സ്തോത്രവും ആണല്ലോ പുരാതന ക്രിസ്തീയ ആരാധനയിൽ നിറഞ്ഞുനിൽക്കുന്നത്. 'ഓർത്തഡോക്സി' എന്ന വാക്കിന് കൈവന്നിരിക്കുന്ന പ്രധാന അർത്ഥം 'ശരിയായ ആരാധന' അഥവാ 'മഹത്വം നൽകൽ' എന്നതാണ്. 'ഡോക്സ' എന്നാൽ 'മഹത്വം' എന്നാണല്ലോ. ശരിയായ ആരാധന ശരിയായ വിശ്വാസവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നതാണ്. ഈ ഒരു പശ്ചാത്തലത്തിൽ ആദ്യകാല പിതാക്കന്മാരുടെ പഠിപ്പിക്കലിന്റെ അടിസ്ഥാനത്തിൽ നിന്ന് ജാരോസ്ലാവ് പെലിക്കൻ (Jaroslave Pelikan)

ഓർമ്മിപ്പിക്കുന്നത് പ്രസക്തമാണ്. 'വിശ്വാസ പ്രമാണം പ്രഥമവും പ്രധാനമായും ഉയർന്ന ദൈവശാസ്ത്ര വിശാരദന്മാരുടെ ഒരു ബിസിനസ് അല്ല, ഇത് കർതൃപ്രാർത്ഥനയോടൊപ്പം ഒരു അർച്ചനയുടെയും ആരാധനയുടെയും നടപടിയുടെ ഭാഗമായി പ്രാർത്ഥിക്കപ്പെടുവാൻ ഉള്ളതാണ്. വിശ്വാസപ്രമാണം കേവലം കുറെ വിശ്വാസ പ്രസ്താവനകൾ എന്നതിലുപരി ആത്യന്തിക ആശ്രയം പരിശുദ്ധ പിതാവിലും പുത്രനിലും പരിശുദ്ധാത്മാവിലും ആണെന്ന വിശ്വാസ പ്രഖ്യാപനവും കൂടിയാണല്ലോ.'

അത്യുന്നത സ്നേഹ കൂട്ടായ്മ

നിഖ്യാ വിശ്വാസം സംരക്ഷിച്ചു എഴുതിയ ആദ്യകാല പിതാക്കന്മാരിൽ പലരും ത്രിത്വത്തിലെ മൂന്നു വ്യക്തികളുടെയും പരസ്പര ബന്ധത്തെക്കുറിച്ചും സന്തോഷകരമായ സ്നേഹ കൂട്ടായ്മയെ കുറിച്ചും പറയുന്നുണ്ട്. പിതാവും പുത്രനും പരിശുദ്ധ റൂഹായും തമ്മിലുള്ള സംഭാഷണ- സംവേദനങ്ങളിലൂടെയുള്ള പരസ്പര ബന്ധവും സുവിശേഷങ്ങളിൽ സുവ്യക്തമാണ്. ഇതിന് നിത്യമായ ഒരു പ്രസക്തി ഉണ്ടെന്ന വാദമായിരുന്നു കപ്പദോക്യൻ പിതാക്കന്മാരുടെയും അത്താനാസിയോസിന്റെയും. ആധുനിക ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ ത്രിത്വത്തിലെ വ്യക്തിത്വങ്ങളുടെ സ്നേഹ കൂട്ടായ്മയും പങ്കുവയ്ക്കലും ഒരു സുപ്രധാന ആശയമാണ്. ഇന്ത്യൻ ദൈവശാസ്ത്രജ്ഞൻ അഭി. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി സ്നേഹം പങ്കിടുന്ന ലോകത്തിന്റെ സമുന്നത മാതൃകയും പ്രചോദനവുമായി ആയി ത്രിത്വത്തെ വിശദീകരിക്കുന്നു. 'ദൈവം സ്നേഹമാകുന്നു' എന്ന വേദവാക്യം (1 യോഹ. 4:8) ഉദ്ധരിച്ച് ദൈവം സ്നേഹമാകുന്നു എങ്കിൽ 'ദൈവം ത്രിത്വമാകുന്നു' എന്ന് മാർ ഒസ്താത്തിയോസ് തറപ്പിച്ച് പറയുന്നു. ദൈവം സ്നേഹമാണെങ്കിൽ സ്നേഹം പങ്കുവയ്ക്കപ്പെടേണ്ടതാണെന്നും ദൈവം ഏകൻ മാത്രമാണെങ്കിൽ സ്നേഹം പകരുക അസാധ്യമായി തീരും എന്നും അദ്ദേഹം വ്യാഖ്യാനിക്കുന്നു.

സ്നേഹസമൂഹ നിർമ്മിതി ഒരു ലോകോന്മുഖമായ നിയോഗം

വൈവിധ്യവും ഏകത്വവും സമന്വയിപ്പിക്കുന്ന സ്നേഹസമൂഹ നിർമ്മിതിക്കായുള്ള ഉൽകൃഷ്ട വെളിച്ചവും ശക്തിയുമാണ് പരിശുദ്ധ ത്രിത്വം എന്നതാണ് ഈ ദർശനത്തിന്റെ നിത്യ നൂതന പ്രസക്തി. വർഗ്ഗീയതയും ഫാസിസവും ജാതി വിവേചനങ്ങളും രാഷ്ട്രീയ അക്രമങ്ങളും വിഭാഗീയതകളും പാർശ്വവൽക്കരിക്കപ്പെടുന്നവരെ പീഡിപ്പിക്കുന്നതും എല്ലാംകൊണ്ട് വികൃതമാകുന്ന ലോകത്തിന് സൗന്ദര്യവും സന്തോഷവും പകരുന്നതാണ് വിശ്വാസപ്രമാണത്തിലൂടെ സ്ഥിരം ഓർമ്മിപ്പിക്കപ്പെടുന്ന ത്രിത്വ ദർശനം. നിത്യതയെയും ചരിത്രത്തെയും മനോഹരമായി സമന്വയിപ്പിക്കുന്ന വിശ്വാസപ്രമാണത്തിന്റെ ലോകോന്മുഖത ശ്രദ്ധേയമാണ്. സൃഷ്ടി നടത്തുന്ന, രക്ഷ ഒരുക്കുന്ന, ജീവൻ പകരുന്ന പരിശുദ്ധ ത്രിത്വത്തിന്റെ ലോകോന്മുഖമായ സ്നേഹ ശുശ്രൂഷ തുടർന്നുകൊണ്ട് പോകുവാനുള്ള സഭയുടെ നിയോഗവും ഇതിലൂടെ ഓർക്കാം. സ്നേഹവും നീതിയും സമാധാനവും സ്വാതന്ത്ര്യവും നിറയുന്ന ഒരു ലോകത്തിനായി ശ്രമിക്കുമ്പോഴും അത് അവസാനമില്ലാത്ത ഒരു രാജ്യത്തിന്റെ പ്രാരംഭ ശുശ്രൂഷയായി കാണുവാനുള്ള പ്രത്യാശയും പകരുന്നതാണ് വിശ്വാസ പ്രമാണം. 'ഞങ്ങൾ വിശ്വസിക്കുന്നു' എന്ന് ഓരോ പ്രാവശ്യവും പറയുമ്പോഴും ചരിത്രത്തിൽ ആ രാജ്യം രൂപപ്പെടുത്തുവാൻ ത്രിത്വത്തിൽ ആശ്രയം വയ്ക്കുകയാണെന്നുകൂടി ഓർക്കാം. ഒപ്പം ലോകത്തെ ദുരിതത്തിലേക്ക്, വിഭാഗീയതയിലേക്ക്, നാശത്തിലേക്ക് തള്ളിവിടുന്ന പ്രബലമായ സാമ്രാജ്യത്വ ശക്തികളിൽ അല്ല തങ്ങളുടെ ആത്യന്തിക ആശ്രയവും ആരാധനയും എന്ന ഒരു സമൂഹത്തിന്റെ സ്വയാവബോധം ഉറക്കെ പ്രഖ്യാപിക്കുക കൂടെയാണ്. ആത്യന്തികമായ ആശ്രയവും ആരാധനയും ത്രിത്വമെന്ന നിത്യ സ്നേഹ കൂട്ടായ്മയ്ക്ക് ആണെന്ന തിരിച്ചറിവ് ചരിത്രത്തിൽ ഒരു സ്നേഹ സമൂഹ നിർമ്മിതിക്കുള്ള പ്രചോദനമാണ്. നിത്യമായ ബന്ധങ്ങളുടെയും പങ്കുവയ്ക്കലിന്റെയും സ്നേഹമാണ് ദൈവം എന്ന ബോധ്യവും ഈ സ്നേഹത്തിൽ നിന്നും ക്രിസ്തുവിലൂടെ ചരിത്രത്തിലേക്കു വന്ന സുവിശേഷ വെളിച്ചം സംബന്ധിച്ച തിരിച്ചറിവും വരുത്തുന്ന മാറ്റങ്ങൾ വിപ്ലവാകത്മകമായിരിക്കും. അനിയന്ത്രിതമായ സ്വാർഥതയും വ്യക്തിവാദവും മതങ്ങളോട് ബന്ധപ്പെട്ട വർഗ്ഗീയതയും വ്യാപിക്കുന്ന സാഹചര്യത്തിൽ ഈ ദർശനം ജീവിതത്തിന് മാർഗ്ഗദീപമാകും; സഭയ്ക്കും സമൂഹത്തിനും കൂടെയും.

End Notes

1 *Orthodoxy and Western Culture* ed. Valerie Hotchkiss and Patrick Henry (New York: St. Vladimir's Seminary Press, 2005) p. 176
2 Gregory of Nazianzus, Or. 29.2 in *The Later Christian Fathers ed.* and tr. By Henry Bettenson (London: Oxford University Press, 1970) 117
3 *The Later Christian Fathers ed. and* tr. By Henry Bettenson (London: Oxford University Press, 1970(p.153
4 *പരിശുദ്ധ ത്രിത്വം*, Joseph Pamplany and Thomas Kochukarottu (Kannur: Alpha Institute of Theology and Science, 2014) p. 47
5 Gregory Nazianzen, Oration 39.11 in *The Later Christian Fathers ed.* and tr. By Henry Bettenson (London: Oxford University Press, 1970) p. 118
6 Jaroslav Pelikan, "The Will to Believe and the Need for Creed" in *Orthodoxy and Western Culture ed.* Valerie Hotchkiss and Patrick Henry (New York: St. Vladimir's Seminary Press, 2005) p. 179 ●

ആ മൊബൈൽ ഫോൺ ഒന്ന് മാറ്റിവയ്ക്കാമോ?

ഫാ. ജോബ് സാം മാത്യു
ഓർത്തഡോക്സ് സെമിനാരി, കോട്ടയം

ആ മൊബൈൽ ഫോൺ ഒന്ന് മാറ്റി വയ്ക്കാമോ എന്ന അഭ്യർത്ഥന ഭൂരിപക്ഷം ഭവനങ്ങളിലും മുഴങ്ങാറുണ്ട്. ഇതിനുള്ള മറുപടികൾ ചിരപരിചിതവുമാണ്. ഇലക്ട്രോണിക് - ഡിജിറ്റൽ ഗാഡ്ജറ്റുകൾ ഇന്ന് ഏവരുടെയും ജീവിതത്തിന്റെ ഭാഗമാണ്. അതിൽ മൊബൈൽ ഫോൺ ഒഴിച്ചു കൂടാനാവാത്തതായി മാറിയിരിക്കുന്നു. ദിവസവും മണിക്കൂറുകൾ മൊബൈൽ ഫോണിന്റെ ഒപ്പം നാം ചിലവിടുന്നു. പ്രഭാതത്തിൽ എഴുന്നേൽക്കുമ്പോൾ നാം മൊബൈൽ ഫോൺ ഉപയോഗിക്കുന്നു. രാത്രിയിൽ ഉറങ്ങുന്നതിനു തൊട്ടുമുൻപും അത് നമ്മോടൊപ്പം ഉണ്ട്.

ഒരു മൊബൈൽ ഫോൺ നഷ്ടപ്പെടുന്നത് നമുക്ക് അത്യന്തം വേദനാജനകമാണ്. എല്ലാ പ്രായത്തിലും ഉള്ളവർ ഇത് ഉപയോഗിക്കുകയും ഇതിൽ ആശ്രയിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായി വസ്ത്രം, പാർപ്പിടം, ഭക്ഷണം (വെള്ളം) എന്നിവയോടൊപ്പം മൊബൈൽ ഫോണും ഇന്നുണ്ട്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് - ഡിജിറ്റൽ ഗാഡ്ജറ്റുകൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാണ്. ഈ പശ്ചാത്തലത്തിൽ ഇവയുടെ ഉപയോഗം നമ്മുടെ കുടുംബങ്ങളിൽ ചെലുത്തുന്ന സ്വാധീനവും ക്രിയാത്മകമായ ഉപയോഗം എപ്രകാരമാകണം എന്ന മാർഗ്ഗരേഖയുമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

വർധിക്കുന്ന ഉപയോഗം

"Digital existence seems to offer solace and shelter from the inevitable. Even as your name may have been spoken (or typed) for the last time, in your digital afterlife you remain in eternal perpetuation. Your digital lights are on, shining throughout seemingly eternal networks. Some links and platforms from the era of Web 2.0 are alive, some are dead, but even so you remain somewhere in circuits of data that contain your textual and visual remnants. If your survivors can afford it, your digital remains are then scraped, and you are recreated and resurrected robotically. You will never really die." [Amanda Lagerkvist, "Embodiment: the digital afterlife," *in Digital Religion: Understanding Religious Practice in Digital Media,* Second ed., edited by Heidi A. Campbell and Ruth Tsuria (Routledge: New York, 2022) page 221]. ഡിജിറ്റൽ ലോകത്ത് നാം അനശ്വരരായി തുടരും. നാം മരിച്ചാലും നമ്മുടെ ഡിജിറ്റൽ സാന്നിധ്യം നിലനിൽക്കും. ശ്രദ്ധേയമായ നിരീക്ഷണമാണ് അമാൻഡ ലാഗർകവിസ്റ്റ് നടത്തിയത്.

ഫേസ്ബുക്കും, വാട്സാപ്പും, സ്പോട്ടിഫൈയും, ഇൻസ്റ്റാഗ്രാമും, സ്നാപ്പ്ചാറ്റും നാം ഉപയോഗിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, ബാങ്കിംഗ്, ഷോപ്പിംഗ്, വാർത്താവിനിമയം മുതലായവയ്ക്ക് ഡിജിറ്റൽ സാങ്കേതികതയെ നാം അനിവാര്യമായി കരുതുന്നു. ക്ലാസ്സിൽ അധ്യാപകൻ നൽകുന്ന ഗൃഹപാഠം ചെയ്യുവാൻ വിദ്യാർത്ഥികളും മാതാപിതാക്കളും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായം തേടുന്നു. ആശുപത്രിയിലും മെഡിക്കൽ ലാബിലുമായി നാം കേൾക്കുന്ന പുതിയ പദങ്ങൾ വിശദീകരിക്കുന്നതിനും, റിപ്പോർട്ടുകൾ വിശകലനം ചെയ്യുന്നതിനും എ ഐ സാങ്കേതികത ഉപയോഗിക്കുന്നു. ഒരു യാത്രയ്ക്ക് ആവശ്യമായ കാര്യക്രമം (itinerary) അത് നമുക്ക് തയ്യാറാക്കി നൽകുന്നു. ഈ ഡിജിറ്റൽ ലോകത്തിൽ പുതിയ പേരുകളും ആശയങ്ങളും സംവിധാനങ്ങളും നാം ദിവസവും പഠിക്കുന്നു.

എന്നാൽ ഇവയുടെ ഉപയോഗം ചില പ്രതിസന്ധികളും സൃഷ്ടിക്കുന്നുണ്ട്. എല്ലാവരെയും ഉപഭോക്താക്കൾ ആയിട്ടാണ് വിപണി പരിഗണിക്കുന്നത്. നമ്മുടെ പ്രവർത്തനങ്ങളും താല്പര്യങ്ങളും ബൗദ്ധിക നിലവാരവും ഡിജിറ്റൽ പ്ലാറ്റ് ഫോമുകൾ ഉപയോഗിക്കുന്നതുവഴി ട്രാക്ക്

ചെയ്യപ്പെടുന്നു. നമുക്ക് ആവശ്യമായവ എന്തും എപ്പോഴും നമ്മുടെ മുമ്പാകെ അവതരിപ്പിക്കപ്പെടുന്നു. നമ്മുടെ ഡിജിറ്റൽ പ്രൊഫൈൽ എല്ലാവർക്കും മുമ്പാകെയുണ്ട്.

സാങ്കേതികത വികസിക്കുന്തോറും അവയെക്കുറിച്ചു നാം അപ്ഡേറ്റഡ് ആകേണ്ടതുണ്ട്. ദൈനംദിന ജീവിതം ഏറെ സങ്കീർണ്ണമാകുന്ന പശ്ചാത്തലമാണിത്. ചെറിയ കാര്യങ്ങളിൽ പോലും തീരുമാനങ്ങൾ എടുക്കുന്നതിനും വിവരശേഖരണത്തിനും ഗവേഷണത്തിനും ഇത് ഉപയോഗിക്കുന്നു. ഇന്ന് വ്യാപകമായ സാമൂഹിക മാധ്യമങ്ങളിൽ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും അഭിപ്രായപ്രകടനത്തിനും താൽപര്യം കാണിക്കുന്നു. വായനയും എഴുത്തും മരിക്കുന്നില്ല. എന്നാൽ കുടുംബവുമായി ഇടപഴകുന്നതിന് താൽപര്യം കുറയുന്നു.

സമ്മർദ്ദങ്ങൾ ഏറ്റെടുക്കുവാനും വെല്ലുവിളികളെ അതിജീവിക്കുവാനുമുള്ള പ്രാപ്തി കുറയുന്നു. വ്ളോഗർമാരുടെ അതിപ്രസരമുള്ള ഡിജിറ്റൽ ലോകത്ത് ലൈക്കും ഷെയറും വ്യൂവും മാത്രം പ്രധാനമാകുന്നു. എന്തെങ്കിലും ഒരു പോസ്റ്റ് ചെയ്താൽ അതിന് സ്വീകാര്യത ലഭിച്ചില്ല എങ്കിൽ വിഷമം വർദ്ധിക്കുന്നു. വിമർശനങ്ങളെ ഉൾക്കൊള്ളുവാൻ ധൈര്യവും തയ്യാറെടുപ്പും ഇല്ല. കുട്ടികൾ സ്ക്രീനിൽ കൂടുതൽ സമയം ചിലവിടുന്നു എന്ന് മാതാപിതാക്കൾ വിലപിക്കുന്നു. അവരുടെ സ്വകാര്യത സംരക്ഷിക്കാനാവുന്നില്ല എന്ന ആശങ്ക അവർക്കുണ്ടാകുന്നു.

കുടുംബത്തിനും സഭയ്ക്കും സമൂഹത്തിനും നിയന്ത്രണം കുറയുന്നു. അധികാര കേന്ദ്രങ്ങളോട് പോരടിക്കുന്നതിനുള്ള താല്പര്യം യുവതലമുറയിൽ വർദ്ധിക്കുന്നു. മനുഷ്യൻ വൈവിധ്യങ്ങളെ ഇഷ്ടപ്പെടുന്നുവെങ്കിലും ഒരു ട്രെൻഡിന്റെ പിറകെ അവനെ കൊണ്ടുപോകുന്നതിന് ഇടയാകുന്നു. ഒരു പുസ്തകം വായിക്കുന്നതിലോ, കൂട്ടുകാരോടൊപ്പം കളിക്കളത്തിൽ ആയിരിക്കുന്നതിലോ താല്പര്യം കാണിക്കാത്ത കുട്ടികൾ മണിക്കൂറുകൾ ഓൺലൈൻ ഗെയിം ഉപയോഗിക്കാൻ ഉത്സാഹിക്കുന്നു.

ഡിജിറ്റൽ സാക്ഷരതയും നയവും

കുട്ടികളുടെയും യുവാക്കളുടെയും ജീവിതത്തിൽ ഡിജിറ്റൽ സംവിധാനങ്ങളുടെ ഉപയോഗവും സ്വാധീനവും അപകട സാധ്യതയും നാം ഇന്ന് തിരിച്ചറിയുന്നുണ്ട്. ഇത് സംബന്ധിച്ച ധാരാളം പഠനങ്ങൾ നടക്കുന്നു. ഡിജിറ്റൽ പ്ലാറ്റ് ഫോമുകളുടെ നിയന്ത്രണത്തിനും സുതാര്യവും ക്രിയാത്മകവും സജീവവുമായ ഇടപെടലിനും അതിനാവശ്യമായ നയരൂപീകരണത്തിനും സംവിധാനങ്ങൾ അപര്യാപ്തമാണ്. ഓൺലൈൻ സുരക്ഷ ഉറപ്പാക്കുന്നതിന് നിയമങ്ങൾ ഉണ്ടെങ്കിലും കർശനമായി പാലിക്കപ്പെടുന്നില്ല. മനുഷ്യന്റെ സൗകര്യം പരിഗണിച്ച് സാങ്കേതിക വിദ്യയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുവാൻ നിരന്തരം പരിശ്രമിക്കുന്നു. ചിലപ്പോൾ മനുഷ്യർക്ക് പകരമായും ഇത് നിലകൊള്ളുന്നു. എന്നാൽ അവ കുടുംബങ്ങളെയും കുട്ടികളെയും എങ്ങനെ ബാധിക്കുന്നു എന്നത് നാം വിലയിരുത്തേണ്ടതുണ്ട്. ഇത് സംബന്ധിക്കുന്ന പ്രാഥമിക ധാരണകൾ നമുക്കുണ്ട്. എന്നാൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിൽനിന്നും നാം പിന്നോക്കം പോകുന്നു.

വാണിജ്യ തന്ത്രങ്ങളുടെ ഭാഗമായി മനുഷ്യ നിലേക്ക് അടിച്ചേൽപ്പിക്കപ്പെടുന്ന സാങ്കേതിക മാറ്റങ്ങൾ മൂലം കുടുംബങ്ങൾ വളരെ പെട്ടെന്ന് അസ്വസ്ഥമാകുന്നു. സ്ക്രീനിനുള്ളിൽ കുടുംബാംഗങ്ങൾ ഒതുങ്ങുമ്പോൾ ഊഷ്മളത നിറഞ്ഞ ബന്ധങ്ങൾ കുറയുന്നു. സ്വകാര്യത നഷ്ടമാകുന്നു. രക്ഷാകർതൃത്വം വിലയുള്ളതാണ്. അത് പരിണാമത്തിന് വിധേയവുമാണ്. എന്നാൽ ഇന്ന് അപ്പനും അമ്മയും 'ചങ്കും ബ്രോയും വൈബും' ആകുന്നു. അനുഗൃഹീതവും അർത്ഥവത്തുമായ കുടുംബ ബന്ധങ്ങൾ അനിവാര്യമാണ്. ഇന്ന് ഇത്തരം ബന്ധങ്ങൾ കുറയുന്നു എന്ന പരിഭവം എല്ലായിടത്തുനിന്നും ഉയരുന്നു.

മനുഷ്യൻ സാമൂഹിക ജീവിയാണ്. പരസ്പരമുള്ള സ്നേഹനിർഭരമായ ബന്ധങ്ങൾ മനുഷ്യ സമൂഹത്തെ നിലനിർത്തുന്നു എന്ന് തിരിച്ചറിയുക. മാതാപിതാക്കൾ കുട്ടികളോടു ചേർന്ന് വിനോദങ്ങളിലും ചർച്ചകളിലും ഏർപ്പെടണം. പഠനത്തിന് എ. ഐ. കുട്ടികൾ ഉപയോഗിക്കുമ്പോൾ മാതാപിതാക്കൾ അതിനോടു സഹകരിക്കുകയും ആവശ്യമായ നിയന്ത്രണം വരുത്തുകയും ചെയ്യണം. അറിവിന്റെയും വിമർശനാത്മക പഠനത്തിന്റെയും ലോകത്തിലേക്ക് അവരെ നയിക്കണം. പരമ്പരാഗതമായ ആശയ വിനിമയ സംവിധാനങ്ങൾ അവരെ പരിചയപ്പെടുത്തണം. അപ്പോൾ ചരിത്രപരമായ ഒരു തുടർച്ച അവർക്ക് ലഭിക്കും. മാറ്റങ്ങളെ തിരിച്ചറിയുവാൻ ഇടയാകും.

കുട്ടികളുടെ ഭാവനയും ക്രിയാത്മകതയും സജീവമായി നിലനിർത്തണം. സാമൂഹികവും രാഷ്ട്രീയവും ആത്മീയവും സാമ്പത്തികവും മാനവികവുമായ വിഷയങ്ങളിൽ കുട്ടികളുടെ അഭി

പ്രായം തേടണം. അവരുടെ ശബ്ദം മുഴങ്ങണം. കുട്ടികളുടെ വികാരങ്ങൾക്കും അനുഭവങ്ങൾക്കും ഇടം നൽകണം. അവരുടെ നിരീക്ഷണങ്ങൾ ശ്രദ്ധിക്കണം. ഉത്തമമായവ അവർ സ്വീകരിക്കുമ്പോൾ പ്രോത്സാഹിപ്പിക്കുന്നത് ശക്തീകരണത്തിന് ഇടയാക്കും. അവരിൽ ഗവേഷണ താൽപര്യം ജനിക്കണം. മികച്ച രീതികൾ താരതമ്യം ചെയ്ത് പഠിക്കുവാനും നന്മയെ ഉൾക്കൊള്ളുവാനും സഹായിക്കണം. പൊതുസമൂഹത്തിൽ നിന്നും അവരെ അകറ്റുന്നതിനു പകരം സമൂഹത്തിന്റെ പുരോഗമനപരമായ കാര്യങ്ങളിൽ അവരെ പങ്കാളികളാകണം.

ഒരു ഡിജിറ്റൽ ഭാവി കുട്ടികൾക്കുണ്ട്. ഡിജിറ്റൽ സാങ്കേതികവിദ്യകൾ അവരുടെ വർത്തമാന കാലത്തെയും ഭാവിയെയും രൂപപ്പെടുത്തുന്നു. ഈ ഇടങ്ങൾ മുതിർന്നവരുടെ സൗകര്യത്തിനും സാധ്യതകൾക്കും രൂപകല്പന ചെയ്യുന്നു എങ്കിലും കുട്ടികളും അതിൽ പങ്കാളികളാകുന്നുണ്ട്. ഈ വിഷയത്തിലുള്ള മനുഷ്യരാശിയുടെ പ്രതീക്ഷയോടൊപ്പം ഭയവും കലർന്നിരിക്കുന്നു. അതിനാൽ ശ്രദ്ധയോടെ ഈ വിഷയത്തെ പരിഗണിച്ച് ക്രിയാത്മകവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കാൻ ഇടയാകണം. ഈ വിഷയത്തെ സംബന്ധിച്ച് മാതാപിതാക്കളും സൺഡേസ്കൂൾ അധ്യാപകരും തുറന്ന മനസ്സോടെ ചർച്ച ചെയ്യണം. സുരക്ഷിതരും ഉത്തരവാദിത്തമുള്ളവരും വിവേകമതികളുമായ ഡിജിറ്റൽ പൗരന്മാരായി (digital citizens) മാറുന്നതിന് കുട്ടികളെ നയിക്കാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും നിയോഗമുണ്ട്. സാങ്കേതിക പരിണാമത്തെക്കുറിച്ചും നിരന്തരമായ ജാഗ്രതയുടെ ആവശ്യകതയെക്കുറിച്ചും അവരെ ബോധവത്കരിക്കണം. •

ഒ വി ബി എസ് 2025

പരിശുദ്ധ എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടെ 1978ൽ സഭയിൽ ഔദ്യോഗികമായി സമാരംഭിച്ച ഒ.വി.ബി.എസിന്റെ ഈ വർഷത്തെ ചിന്താവിഷയം 'നടപ്പിൽ നിർമ്മലരായിരിപ്പിൻ' (സങ്കീർത്തനം 119:9) എന്നതായിരുന്നു. ലഹരി മരുന്നുകളുടെ ഉപയോഗം കുറച്ചുകാലം മുമ്പുവരെ യുവാക്കളിൽ മാത്രം ഒതുങ്ങിയിരുന്നെങ്കിൽ, ഇന്ന് അവസ്ഥ മാറി കൗമാരക്കാരിലേക്കും അതിനു താഴെയുള്ളവരിലേക്കും പുതുലഹരികളുടെ വ്യാപനം ക്രമാതീതമായി വർദ്ധിച്ചു വരുന്നു. ഈ പശ്ചാത്തലത്തിൽ കുട്ടികളുടെ 'നടപ്പ് നിർമ്മലമാക്കുക' എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. ഓരോ കുട്ടിയുടെയും നടപ്പ് ദൈവവചനത്തിലൂടെ നിർമ്മലമാക്കുക എന്നത് സഭാമക്കളായ നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. അതിനുവേണ്ടി നമുക്ക് ഒരുമിച്ച് പരിശ്രമിക്കാം. അതിന് സഹായകമായ പഠന പുസ്തകങ്ങളും ധ്യാനസഹായിയും ഗീതങ്ങളുമാണ് ഈ വർഷം തയ്യാറാക്കിയത്.

2024-25 കാലയളവിൽ ഒ.വി.ബി.എസ് എക്സിക്യൂട്ടീവ് കമ്മിറ്റി നാല് പ്രാവശ്യം കൂടുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. കേന്ദ്ര ഗാന പരിശീലന ക്ലാസ് 2025 ഫെബ്രുവരി 8, 9 (ശനി, ഞായർ) തീയതികളിൽ പരുമല സെമിനാരിയിൽ വച്ച് നടന്നു. അഭിവന്ദ്യ ഡോ.ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ജനറൽ ഫാ. ഡോ. വർഗീസ് വർഗീസ് അധ്യക്ഷത വഹിച്ചു. ഫാ. ടൈറ്റസ് ജോൺ, സന്തോഷ് ബേബി എ. കെ, പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, ഫാ. മഹേഷ് തങ്കച്ചൻ, ഫാ. ക്രിസ്റ്റ് സെബി എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ഈ വർഷത്തെ ഗാനങ്ങൾ മലങ്കരസഭാ മാസികയിലൂടെയും ദിനപത്രങ്ങളിലൂടെയും ക്ഷണിക്കുകയും അതിൽ നിന്നും മികച്ച 26 ഗാനങ്ങൾ തിരഞ്ഞെടുത്തു. Song book , YouTube എന്നിവയിലൂടെ ഗാനങ്ങൾ യൂണിറ്റുകൾക്ക് നൽകി. ആരാധനാ ഗീതങ്ങൾ, പഴയകാല ഒ.വി.ബി.എസ് ഗാനങ്ങൾ എന്നിവയും ഉൾപ്പെടുത്തി. വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും രജിസ്ട്രേഷൻ ഓൺലൈനായി ക്രമീകരിച്ചു. നിലവിലുള്ള പ്രകാരം തന്നെ ഓരോ വിഭാഗത്തിന്റെയും ക്ലാസുകൾ ക്രമീകരിച്ചു. എല്ലാ ഭദ്രാസനങ്ങളിലും ഗാന പരിശീലന ക്യാമ്പ് ക്രമീകരിച്ചു. കേന്ദ്ര ഭാരവാഹികൾ ഭദ്രാസന ക്യാമ്പുകൾ സന്ദർശിച്ചു. യൂണിറ്റുകളിൽ കേന്ദ്ര-ഭദ്രാസന-ഡിസ്ട്രിക്ട് ഭാരവാഹികൾ സന്ദർശിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

2025 ലെ ഒ.വി.ബി.എസ് വിജയപ്രദമാക്കുന്നതിന് സഹകരിച്ച ഏവരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. എല്ലാവർക്കും ആശംസകൾ നേരുന്നു.

ഫാ. ടൈറ്റസ് ജോൺ
(ഒ.വി.ബി.എസ്. ഡയറക്ടർ)

സന്തോഷ് ബേബി എ കെ
(ഒ.വി.ബി.എസ് ജനറൽ സെക്രട്ടറി)

ബാലപംക്തി

അന്തിമ വിജയം സത്യത്തിന്

ഫാ. ജോസ് തോമസ് പൂവത്തുങ്കൽ

"ദൈവം എഴുന്നേൽക്കുന്നു. അവന്റെ ശത്രുക്കൾ ചിതറിപ്പോകുന്നു. അവനെ പകയ്ക്കുന്നവരും അവന്റെ മുമ്പിൽ നിന്ന് ഓടിപ്പോകുന്നു" (സങ്കീർത്തനം 68:1)

പ്രിയ കുഞ്ഞുങ്ങളെ,

ലോർഡ് ആൽഫ്രഡ് ടെന്നിസൻ (1809 - 1892) എന്ന പ്രസിദ്ധനായ ഇംഗ്ലീഷ് കവി ഒരിക്കൽ തന്റെ സ്നേഹിതനുമായി നടത്തിയ സൗഹൃദ സംഭാഷണം ആരംഭിച്ചത് നാമെല്ലാവരും സാധാരണ ചോദിക്കാറുള്ളതുപോലെ "എന്തുണ്ട് വിശേഷം?" എന്ന വാക്കുകളോടെയായിരുന്നുവെങ്കിലും, അതിന്റെ മറുപടി നാം നൽകുന്നതുപോലെയായിരുന്നില്ല. അദ്ദേഹം പ്രതിവചിച്ചത്: "യേശു സർവ്വമനുഷ്യർക്കുംവേണ്ടി മരിച്ചു എന്ന വാർത്തയല്ലാതെ മറ്റൊന്നും എനിക്ക് പറയാനില്ല" എന്നായിരുന്നത്. അപ്പോൾ, ടെന്നിസൻ ഇപ്രകാരമൊരു വാചകവും കൂടി അതിനോട് കൂട്ടിച്ചേർത്തു: "അത് ശരിതന്നെ, അത് പഴയ വാർത്തയും സദ്വാർത്തയും പുതിയ വാർത്തയുമാണ്" നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പ്, പ്രതീക്ഷയും പ്രത്യാശയും സന്തോഷവും സമാധാനവും ഹൃദയത്തിൽ നിറയ്ക്കുന്ന സദ്വാർത്തയാണ്. തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും മരണത്തെ പരാജയപ്പെടുത്തി, താഴ്മയിലൂടെ എല്ലാ അഹങ്കാരം നിറഞ്ഞ ദുഷ്ടശക്തികളെയും പിന്നിലേക്കു ചിതറിച്ചുകൊണ്ട് മഹത്വത്തിന്റെ ഉന്നതിയിലേക്ക് പ്രവേശിച്ചവനായ ദൈവപുത്രന്റെ പുനരുത്ഥാന പെരുന്നാളിൽ ഭാഗഭാക്കായിത്തീരുവാനുള്ള ഭാഗ്യം നമുക്ക് ലഭിക്കുന്നു. ശ്രദ്ധിക്കുക, ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം പുലർച്ചെ കല്ലറവാതില്ക്കൽ ചെന്നവർ കണ്ടത് അവിടെ നിന്നും ഉരുട്ടിമാറ്റപ്പെട്ട കല്ലാണ്. ആ കല്ലിനോടൊപ്പം തിന്മയുടെ പ്രവർത്തകർ നിത്യമെന്നു കരുതിയിരുന്ന പലതും നീക്കപ്പെടുകയും അവയുടെ നശ്വരതയെ വെളിവാക്കിത്തരുകയും ചെയ്തു. ഇവിടെ മൂന്ന് ചിന്തകൾ നൽകാം.

ഒന്ന്, യേശുവിനെ മരണത്തിനു വിധിച്ചവർ, സത്യത്തെ എന്നന്നേയ്ക്കുമായി മൂടിവെയ്ക്കാനാണ് ശ്രമിച്ചത്. എന്നാൽ സത്യത്തെ എത്ര തന്നെ മറയ്ക്കുവാൻ ശ്രമിച്ചാലും ഗ്രഹണം കഴിഞ്ഞ സൂര്യനെപ്പോലെ വർദ്ധിച്ച ശോഭയോടെ പുറത്തു വരും. അതിന്മേൽ എത്ര വലിയ കല്ല് എടുത്തുവച്ചാലും അത് നീക്കപ്പെടും. നമ്മുടെ ജീവിതത്തിലും ഇതു യാഥാർത്ഥ്യമാണ്. എണ്ണയിൽ എത്ര മാത്രം വെള്ളം ചേർത്താലും എണ്ണ മുകളിൽ പൊങ്ങിക്കിടക്കുന്നതുപോലെ. സത്യമെന്നത് ഈശ്വരനാണ്. ആ ശക്തിയെ എന്നന്നേയ്ക്കുമായി നശിപ്പിക്കാമെന്ന് വ്യാമോഹിക്കുന്നത് മൗഢ്യമാണ്. അതിനാൽ നിത്യ യാഥാർത്ഥ്യമായ സത്യത്തെ പ്രാപിക്കാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം: *അസതോമ സത്ഗമയ.*

രണ്ട്, പ്രകാശത്തെ ഒരു ഗുഹയിൽ ഒതുക്കാമെന്നു വ്യാമോഹിച്ച് ഉരുട്ടിവച്ചിരുന്ന അന്ധകാരമാകുന്ന ഭീകരമായ കല്ല് എന്നന്നേക്കുമായി നീക്കപ്പെട്ടു. അന്ധകാരം നീങ്ങിപ്പോയി പ്രകാശം കടന്നുവന്നു. "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നരുളിച്ചെയ്തവൻ അന്ധകാര ശക്തികളെ തകർത്തുകളഞ്ഞു. "ഏതു മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നുകൊണ്ടിരുന്ന" (യോഹ. 1:9) തിനാൽ അന്ധകാരത്തിനു നിലനിൽപ്പില്ലാതായി. ആ നിത്യ പ്രകാശത്തെ നമ്മുടെ ഉള്ളിലേക്ക് കടത്തിവിടുകയാണ് നമ്മുടെ കർത്തവ്യം. അതിനെ തടസ്സപ്പെടുത്തുന്ന കല്ലിനെ നീക്കം ചെയ്ത് വെളിച്ചത്തെ ഉള്ളിൽ കടക്കുവാൻ അനുവദിക്കുക. അതിലൂടെ നാം പ്രകാശിതരായിത്തീരും. യെശയ്യാ പ്രവാചകൻ അതിനായി നമ്മെ ആഹ്വാനം ചെയ്യുന്നു. "എഴുന്നേറ്റു പ്രകാശിക്ക, നിന്റെ പ്രകാശം വന്നിരിക്കുന്നു"(60:1). അതിനായി നമ്മെ ഒരുക്കുകയും ചെയ്യുന്നു. 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്ന കർത്ത്യവചനം നമ്മിൽ സാക്ഷാത്ക

രിക്കപ്പെടുവാൻ നമുക്ക് ഉത്സാഹിക്കുകയും ചെയ്യാം. ഓർക്കുക! പുനരുത്ഥാനം കഴിഞ്ഞ് പ്രഭാതമായിരുന്നു, രാത്രിയല്ലായിരുന്നു. പിന്നീട് വെളിച്ചമായിരുന്നു ലോകം മുഴുവനും. നീതിസൂര്യനായ യേശുക്രിസ്തുവിന്റെ പ്രതീകമായി സൂര്യൻ ഉദിച്ചുയർന്നു, വെളിച്ചം നിറഞ്ഞ പകൽ! നൂറ്റാണ്ടുകൾക്കു മുമ്പ് ഭാരതീയ മുനിമാർ പാടിയത് നമുക്ക് ചേർന്നു പാടാം: *തമ സ്സോമാ ജ്യോതിർഗമയ.*

മൂന്ന്, കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പോടെ മരണമെന്ന കല്ല് എന്നന്നേയ്ക്കുമായി മാറ്റപ്പെട്ടിരിക്കുകയാണ്. അതിന്റെ ഭീമാകാരത്തെ ഇന്ന് ഭയക്കേണ്ട ആവശ്യമില്ല. ജീവന്റെ സ്രോതസ്സായ കർത്താവ് നിത്യജീവനെ പ്രദാനം ചെയ്തിരിക്കുന്നതിനാൽ *മൃത്യോമാ അമൃതംഗമയാ* എന്ന പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിച്ചിരിക്കുകയാണ്. മരണത്തോടുകൂടി മർത്ത്യജീവിതം അവസാനിക്കുന്നില്ല എന്ന നിത്യ യാഥാർത്ഥ്യം യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് വിളംബരം ചെയ്തു. അതുകൊണ്ട് വിശുദ്ധ പൗലോസ് ചോദിക്കുന്നു. "ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ?" (1 കൊരി. 15:55). മരണമെന്ന വിഷമുള്ളിനെ ഒടിച്ച് കളഞ്ഞ് നാശകരമായ കുഴിയിൽ നിന്ന് കൈപിടിച്ചു ഉയർത്തിയവനായ ദൈവപുത്രൻ, വിജയശ്രീലാളിതനായി "ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു" (യോഹ. 11:25) എന്ന സത്യം ലോകത്തിനു വെളിപ്പെടുത്തികൊടുത്തിരിക്കുകയാണ്. ആ പുനരുത്ഥാനത്തിൽ പങ്കാളികളാകാനാണ് നമ്മെ ക്ഷണിക്കുന്നത്. ആ സ്വർഗ്ഗീയ വിരുന്നിൽ പങ്കെടുത്ത് ആമോദിക്കുവാനും ആഹ്ലാദിക്കുവാനും ഈ ഉയിർപ്പുപെരുന്നാൾ നമുക്കിടയാകട്ടെ. സത്യത്തിനു സാക്ഷികളായിത്തീർന്നുകൊണ്ട് ലോകത്തെ പ്രകാശിപ്പിക്കുവാൻ നമ്മെ സർവ്വശക്തനായ ദൈവം പ്രാപ്തരാകട്ടെ. രാത്രിയിൽ പ്രകാശിക്കുന്ന ചന്ദ്രനെപ്പോലെ നീതിസൂര്യനായ ദൈവത്തിന്റെ പ്രകാശത്താൽ നാം അന്ധകാരം നിറഞ്ഞ ലോകത്തിൽ ആയിരം മടങ്ങുശോഭയോടെ ജ്വലിച്ചുയരട്ടെ. അന്ധകാരം മാറി വെളിച്ചം ലോകത്തിൽ നിറയട്ടെ.

സ്നേഹപൂർവ്വം,

ജോസച്ചൻ

കൊട്ടാരക്കര – പുനലൂർ ഭദ്രാസന സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന കരുതൽ പദ്ധതി ഡോ. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. വന്ദ്യ ഡേവിഡ് കോശി റമ്പാൻ, ഫാ. ആശിഷ് ജെയിംസ്, ഫാ. അനിൽ ബേബി, ഡോ. എം. കെ. പി. റോയി, അനീഷ് ഫിലിപ്പ്, ഷാജിമോൻ ചാക്കോ, ലിബിൻ പുന്നൻ, സജി പി. ജോൺ എന്നിവർ പ്രസംഗിച്ചു.

ആബൂനാ ബസേലിയോസ് എറിത്രിയൻ പാത്രിയർക്കീസ്

വർഗീസ് ജോൺ തോട്ടപ്പുഴ

എറിത്രിയൻ ഓർത്തഡോക്സ് സഭാതലവനായി ആബൂനാ ബസേലിയോസ് (ബേസിൽ) സ്ഥാനാരോഹണം ചെയ്തു. എറിത്രിയൻ തലസ്ഥാനമായ അസ്മാരായിലെ സെന്റ് മേരീസ് കത്തീഡ്രലിൽ 2025 ജനുവരി 26-നായിരുന്നു സ്ഥാനാരോഹണം. സഭയുടെ ആറാമത്തെ പാത്രിയർക്കീസാണ്. 2022 ഡിസംബർ 2-ന് കാലം ചെയ്ത ആബൂനാ കെർലോസ് പാത്രിയർക്കീസിന്റെ പിൻഗാമിയാണ്.

പ്രസിഡന്റ് ഇസയ്യാസ് അഫ്വെർക്കി ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥരും നയതന്ത്രപ്രതിനിധികളും വിവിധ സഭകളുടെ പ്രതിനിധികളും ചടങ്ങിൽ സംബന്ധിച്ചു. 1998ലെ ഉടമ്പടി പ്രകാരം കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ അഞ്ച് ബിഷപ്പുമാർ സംബന്ധിച്ചു. ഡോ. യൂഹാനോൻ മാർ ദിമിത്രയോസ് മെത്രാപ്പോലീത്തായും ഫാ. അശ്വിൻ ഫെർണാണ്ടസും മലങ്കര സഭയെ പ്രതിനിധീകരിച്ചു. പരിശുദ്ധ കാതോലിക്കാ ബാവായുടെ ആശംസാ സന്ദേശം പുതിയ പാത്രിയർക്കീസിന് കൈമാറി. സിറിയൻ, അർമേനിയൻ, ഗ്രീക്ക്, റഷ്യൻ ഓർത്തഡോക്സ് സഭകളും ഉന്നതതല പ്രതിനിധി സംഘത്തെ അയച്ചു. രാഷ്ട്രീയ കാരണങ്ങളാൽ എത്യോപ്യൻ സഭയിൽ നിന്നുള്ള പ്രതിനിധികൾക്ക് സംബന്ധിക്കാൻ സാധിച്ചില്ല.

2024 ഡിസംബർ 9-ന് തലസ്ഥാനമായ അസ്മാരയിലെ സഭാ ആസ്ഥാനത്ത് നടന്ന പാത്രിയർക്കാ തെരഞ്ഞെടുപ്പിൽ സഭാ സിനഡിലെ 85 അംഗങ്ങളും ആശ്രമങ്ങൾ, ഭദ്രാസനങ്ങൾ, ഉപഭദ്രാസനങ്ങൾ, വൈദിക സെമിനാരി തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികളും വോട്ടു ചെയ്തു. 1998ലെ ഉടമ്പടി പ്രകാരം കോപ്റ്റിക് സഭയുടെ അഞ്ചു ബിഷപ്പുമാരും വോട്ടു ചെയ്തു. സഭയുടെ താൽക്കാലിക തലവനായിരുന്ന ആർച്ചുബിഷപ്പ് ആബൂനാ പെത്രോസ് തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

പുതിയ പാത്രിയർക്കീസ് 1954ൽ ജനിച്ചു. ചെറുപ്രായത്തിൽ സന്യാസം സ്വീകരിച്ചു. 2005ൽ ബിഷപ്പും 2021ൽ ആർച്ചുബിഷപ്പുമായി. പാത്രിയർക്കേറ്റിൽ ചീഫ് അഡ്മിനിസ്ട്രേറ്റർ ആയിരിക്കുമ്പോഴാണ് ആർച്ചുബിഷപ്പ് ആബൂനാ ബസേലിയോസ് സഭാതലവനായി തെരഞ്ഞെടുക്കപ്പെട്ടത്. സെലക്ഷൻ കമ്മറ്റി നാമനിർദേശം ചെയ്ത മൂന്നു മെത്രാന്മാരായിരുന്നു സ്ഥാനാർത്ഥികൾ. സിനഡ് സെക്രട്ടറി ജനറൽ ആർച്ചുബിഷപ്പ് ആബൂനാ ലൂക്കാസ്, ബിഷപ്പ് ആബൂനാ മെർക്കോറിയോസ് എന്നിവരായിരുന്നു മറ്റു സ്ഥാനാർത്ഥികൾ.

വടക്കുകിഴക്കൻ ആഫ്രിക്കയിൽ എത്യോപ്യയുടെ അയൽരാജ്യമാണ് എറിത്രിയ. എറിത്രിയായിലെ ജനങ്ങളിൽ പകുതിയിലധികം (30 ലക്ഷം) സഭാവിശ്വാസികളാണ്. എഡി 329-330ലാണ്

ഇന്നത്തെ എറിത്രിയൻ സഭ ഉൾപ്പെടുന്ന എത്യോപ്യൻ സഭയുടെ ഔദ്യോഗിക തുടക്കം. പഴയ ഇറ്റാലിയൻ കോളനിയായ എറിത്രിയ 1993-ൽ എത്യോപ്യയിൽ നിന്ന് സ്വതന്ത്രമായതോടെ അവിടത്തെ ബിഷപ്പുമാരുടെ അഭ്യർത്ഥന മാനിച്ച് എത്യോപ്യൻ സഭയുടെ അംഗീകാരത്തോടെ കോപ്റ്റിക് സഭയുടെ പോപ്പ് ഷെനൗഡാ മൂന്നാമൻ എത്യോപ്യൻ സഭയിൽ നിന്ന് എറിത്രിയായിലെ ഓർത്തഡോക്സ് സഭയ്ക്ക് ഉൾഭരണസ്വാതന്ത്യം നൽകുകയും 1994-ൽ അവർക്ക് പുതിയതായി അഞ്ചു ബിഷപ്പുമാരെ വാഴിക്കുകയും ചെയ്തു. അവരുടെ തലവനായ ആബൂനാ ഫീലിപ്പോസിനെ 1998 മേയ് 8-ന് എറിത്രിയൻ ഓർത്തഡോക്സ് സഭയുടെ ഒന്നാമത്തെ പാത്രിയർക്കീസായി പോപ്പ് ഷെനൗഡാ മൂന്നാമൻ വാഴിച്ചു. ഇതോടെ എറിത്രിയൻ സഭ പൂർണ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും കൈവരിച്ചു. എറിത്രിയൻ സഭയുടെ അഭ്യർത്ഥന മാനിച്ച് തുടർന്നുള്ള രണ്ടു പാത്രിയർക്കീസുമാരുടെയും സ്ഥാനാരോഹണശുശ്രൂഷകളിൽ (2002, 2004) പോപ്പ് ഷെനൗഡാ തന്നെയാണ് പ്രധാന കാർമ്മികനായിരുന്നത്. ആബൂനാ യാക്കോബ് (2002 – 2003) ആയിരുന്നു രണ്ടാമത്തെ പാത്രിയർക്കീസ്.

സഭയുടെ മൂന്നാമത്തെ പാത്രിയർക്കീസായി 2004-ൽ സ്ഥാനാരോഹണം ചെയ്ത ആബൂനാ അന്തോണിയോസിനെ സ്വേച്ഛാധിപതിയായ പ്രസിഡന്റ് ഇസയ്യാസ് അഫ്വെർക്കിയുടെ സർക്കാർ 2006ൽ അറസ്റ്റ് ചെയ്തു വീട്ടുതടങ്കലിലാക്കി. സഭയുടെ ആഭ്യന്തര കാര്യങ്ങളിൽ സർക്കാർ ഇടപെടുന്നതിനെ എതിർത്തതായിരുന്നു കാരണം. സർക്കാർ സ്വാധീനത്താൽ സുന്നഹദോസ് അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുകയും, തൽസ്ഥാനത്തു 2007ൽ ആബൂനാ ദീയസ്കോറോസ് പാത്രിയർക്കീസിനെ നിയമിക്കുകയും ചെയ്തു. 2015ൽ ദീയസ്കോറോസ് കാലം ചെയ്തു. ആബൂനാ അന്തോണിയോസിനെ സഭയിൽനിന്നു പുറത്താക്കിയതായി 2019ൽ സർക്കാർ നിയന്ത്രിത സിനഡ് പ്രഖ്യാപിച്ചു. കാനോനിക പാത്രിയർക്കീസ് ജീവിച്ചിരിക്കെ തന്നെയാണ് 2021ൽ ആബൂനാ കെർലോസ് പാത്രിയർക്കീസായി വാഴിക്കപ്പെട്ടത്.

കോപ്റ്റിക് സഭ ഉൾപ്പെടെ മറ്റ് ഓറിയന്റൽ ഓർത്തഡോക്സ് സഭകൾ ആബൂനാ കെർലോസിനെ അംഗീകരിച്ചിരുന്നില്ല. കോപ്റ്റിക് സഭ അംഗീകരിച്ച അവസാനത്തെ പാത്രിയർക്കീസ് ആബൂനാ അന്തോണിയോസ് ആയിരുന്നു. 15 വർഷമായി വീട്ടുതടങ്കലിലായിരുന്ന അദ്ദേഹം 2022 ഫെബ്രുവരി 9-ന് കാലം ചെയ്തു. കാനോനിക പാത്രിയർക്കീസ് കാലം ചെയ്തതിനെ തുടർന്ന് പൗരാണികമായ അലക്സാന്ത്രിയൻ സിംഹാസനവുമായി ബന്ധം പുനഃസ്ഥാപിക്കാനായി എറിത്രിയൻ സഭ മുൻകൈയെടുത്തു. കെയ്റോയിലെത്തിയ ആബൂനാ കെർലോസ് പോപ്പ് തെവദ്രോസ് രണ്ടാമനുമായി 2022 ജൂലൈ 9-ന് കൂടിക്കാഴ്ച നടത്തിയതോടെ കോപ്റ്റിക് സഭയും എറിത്രിയൻ സഭയും തമ്മിൽ ഒന്നര പതിറ്റാണ്ടായി വിച്ഛേദിക്കപ്പെട്ടിരുന്ന ബന്ധം പുനഃസ്ഥാപിച്ചു.

സഭകൾ തമ്മിലുള്ള ഉടമ്പടികൾ

എറിത്രിയൻ സഭ ഓറിയന്റൽ ഓർത്തഡോക്സ് സഭാകുടുംബത്തിൽപെടുന്നു. അലക്സന്ത്രിയൻ ആരാധനക്രമ പാരമ്പര്യത്തിൽ ഉൾപ്പെടുന്ന മൂന്ന് സ്വതന്ത്ര സ്വയംശീർഷകസഭകളാണ് കോപ്റ്റിക്, എത്യോപ്യൻ, എറിത്രിയൻ ഓർത്തഡോക്സ് സഭകൾ. എത്യോപ്യൻ – എറിത്രിയൻ സഭകൾ കോപ്റ്റിക് സഭയുടെ പുത്രീസഭകളായി കണക്കാക്കപ്പെടുന്നു. ഇന്നും ഈ രണ്ടു സഭകളും കോപ്റ്റിക് പോപ്പിന് 'സമന്മാരിൽ മുമ്പൻ' (first among equals) എന്ന സ്ഥാനം നൽകി ആദരിക്കുന്നു. സമന്മാരായ ഏഴ് ഓറിയന്റൽ ഓർത്തഡോക്സ് സഭാ തലവന്മാരുടെ ഇടയിലും കോപ്റ്റിക് പോപ്പിന് പ്രഥമ സ്ഥാനമുണ്ട്. അലക്സന്ത്രിയാ പാത്രിയർക്കീസിന്റെ (കോപ്റ്റിക് പോപ്പ്) പ്രഥമ സ്ഥാനം (പ്രൈമസി) അംഗീകരിച്ചുകൊണ്ടുതന്നെ കോപ്റ്റിക് സഭ എത്യോപ്യൻ സഭയ്ക്കും ഇരുസഭകളും ചേർന്ന് എറിത്രിയൻ സഭയ്ക്കും ഘട്ടം ഘട്ടമായി സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും നൽകിയിരിക്കുകയാണ്. ഇരു സഭകളും തമ്മിലുള്ള ബന്ധം സുദൃഢവും വ്യവസ്ഥാപിതവുമാക്കുന്നതിന് കോപ്റ്റിക് – എത്യോപ്യൻ സഭകൾ തമ്മിലും (1994 ഏപ്രിൽ) കോപ്റ്റിക് – എറിത്രിയൻ സഭകൾ തമ്മിലും (1998 മേയ്) 15 വകുപ്പുകൾ അടങ്ങുന്ന സമാനമായ ഉഭയകക്ഷി ഉടമ്പടികൾ ഉണ്ടാക്കിയിട്ടുണ്ട്. രാഷ്ട്രീയ കാരണങ്ങളാൽ എത്യോപ്യൻ-എറിത്രിയൻ സഭകൾ തമ്മിൽ ഇപ്രകാരം ഉഭയകക്ഷി ഉടമ്പടവല ടി ഉണ്ടാക്കിയിട്ടില്ല.

അലക്സന്ത്രിയാ പാത്രിയർക്കീസിന് ആദരവിന്റെ ഒന്നാം സ്ഥാനം (the first position of honour), എത്യോപ്യൻ-എറിത്രിയൻ സഭകളുടെ പൂർണ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവും, സഭാതലവന്മാരുടെ തെരഞ്ഞെടുപ്പിലും സ്ഥാനാ

രോഹണത്തിലും പരസ്പര പങ്കാളിത്തം, സുന്നഹദോസിന്റെ സംയുക്ത സമ്മേളനങ്ങൾ, പരസ്പര സന്ദർശനങ്ങൾ തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതാണ് ഈ സഭാ ഉടമ്പടികൾ. വിശുദ്ധ മൂറോൻ കൂദാശ പോലുള്ള മറ്റു പ്രധാന അവസരങ്ങളിലും പരസ്പരം ക്ഷണിക്കേണ്ടതാണ്.

ഈ ഉടമ്പടികളുടെ 7, 8, 9 വകുപ്പുകൾ അനുസരിച്ച് ഓരോ സഭയ്ക്കും അതിന്റെ തലവനെ തെരഞ്ഞെടുക്കുന്നതിന് സ്വാതന്ത്ര്യമുണ്ടായിരിക്കും. തെരഞ്ഞെടുപ്പു പ്രക്രിയയിൽ പങ്കെടുക്കുന്നതിന് അപരസഭ നിശ്ചിത എണ്ണം പ്രതിനിധികളെ അയയ്ക്കേണ്ടതാണ്. സഭാ തലവന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിന് അപര സഭയിൽ നിന്നുള്ള പ്രതിനിധി സംഘത്തെ ക്ഷണിക്കേണ്ടതാണ്. സ്ഥാനാരോഹണ ശുശ്രൂഷയിലെ പങ്കാളിത്തം ഏതു തരത്തിലുള്ളതാണെന്ന് മുൻകൂട്ടി നിശ്ചയിക്കണം. സഭാതലവന്മാർ അപര സഭയുടെ തലവന്റെ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിക്കാറില്ല; അതാത് സുന്നഹദോസ് തന്നെ അതു നിർവഹിക്കുകയാണ് സമീപകാല പതിവ്. സമന്മാരായ സഭാതലവന്മാരിൽ മുമ്പനായ കോപ്റ്റിക് പാത്രിയർക്കീസിന് ഉഭയകക്ഷി ഉടമ്പടി രണ്ടാം വകുപ്പ് പ്രകാരം ആദരവിന്റെ ഒന്നാം സ്ഥാനമുള്ളതുകൊണ്ട് എത്യോപ്യൻ-എറിത്രിയൻ പാത്രിയർക്കീസുമാരുടെ സ്ഥാനാരോഹണശുശ്രൂഷയിൽ സന്നിഹിതനായാൽ പ്രധാന കാർമികത്വം വഹിക്കേണ്ടതായി വരും. ആ നിലയ്ക്ക് അതാത് സഭാസിനഡിന്റെ തലവൻ തന്നെ ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിക്കാൻ അവസരമുണ്ടാക്കാനാണ് കോപ്റ്റിക് പോപ്പ് ഇതിൽ സംബന്ധിക്കാതിരിക്കുന്നത്.

കോപ്റ്റിക് - എത്യോപ്യൻ സഭകളുടെ ഇപ്പോഴത്തെ തലവന്മാരുടെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവും (2012, 2013) ഈ സഭകൾ തമ്മിലുള്ള ഉടമ്പടി കൃത്യമായി പാലിച്ചുകൊണ്ടാണ് നടന്നത്. കോപ്റ്റിക് സഭയുടെ ബിഷപ്പുമാർ എറിത്രിയൻ പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിലും (2024) സ്ഥാനാരോഹണ ശുശ്രൂഷയിലും (2025) സംബന്ധിച്ചത് ഈ സഭകൾ തമ്മിലുണ്ടാക്കിയ ഉടമ്പടി പ്രകാരമാണ്.

കോപ്റ്റിക് ഓർത്തഡോക്സ് സഭാ തലവനായിരുന്ന പോപ്പ് ഷെനൗഡാ മൂന്നാമൻ 2012 മാർച്ച് 17നും എത്യോപ്യൻ ഓർത്തഡോക്സ് സഭാ തലവനായിരുന്ന ആബൂനാ പൗലോസ് 2012 ഓഗസ്റ്റ് 12നും കാലം ചെയ്തു. പിൻഗാമികളായി വന്ന കോപ്റ്റിക് പാത്രിയർക്കീസ് പോപ്പ് തെവദ്രോസ് രണ്ടാമൻ, എത്യോപ്യൻ പാത്രിയർക്കീസ് ആബൂനാ മത്ഥിയാസ് എന്നിവരുടെ തെരഞ്ഞെടുപ്പിലും സ്ഥാനാരോഹണത്തിലും (2012 നവംബർ 4, 18; 2013 ഫെബ്രുവരി 28, മാർച്ച് 3) ഈ സഭകൾ തമ്മിലുള്ള ഉഭയകക്ഷി ഉടമ്പടി (Protocol) പാലിച്ചു. •

കോട്ടയം ഭദ്രാസന വേദപ്രവീൺ കോൺവൊക്കേഷൻ സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽ വച്ച് നടത്തി. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, ഡോ. വർഗീസ് പുന്നൂസ്, പി.യു. തോമസ്, വിനോദ് എം. സഖറിയ, കുറിയാക്കോസ് തോമസ് എന്നിവർ നേതൃത്വം നൽകി.

15 ബൈബിൾ & ചർച്ച് ക്വിസ്

ഫാ. മാത്യൂസ് കാഞ്ഞിരംപാറ

Total Marks 75

A. പഴയനിയമം (ഉത്തരങ്ങളോടൊപ്പം വേദഭാഗവും എഴുതണം)

1. വലിയ പ്രവാചകന്മാരുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത പ്രവാചകൻ താഴെക്കൊടുത്തിരിക്കുന്നവരിൽ ആരാണ്?
   1. യെശയ്യാവ് 2. യിരെമ്യാവ് 3. നെഹമ്യാവ് 4. ദാനിയേൽ
2. ശലോമോൻ രാജാവിന്റെ കാലത്ത് വിലയില്ലാതിരുന്ന ലോഹം ഏത്?
3. 'ബേത്‌ലഹേമി'നെക്കുറിച്ച് ഉല്പത്തി പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന വേദഭാഗം ഏത്?
4. അഹറോൻ മരിച്ചുപോയി എന്നറിഞ്ഞ യിസ്രായേൽ മക്കൾ എത്ര ദിവസമാണ് വിലാപം കഴിച്ചത്? (ശരിയുത്തരം എടുത്തെഴുതുക)
   1. 3 ദിവസം 2. 9 ദിവസം 3. 30 ദിവസം 4. 40 ദിവസം
5. "മുഹൂർത്തം നോക്കരുത്, ദേഹത്ത് പച്ച കുത്തരുത്, ആഭിചാരം ചെയ്യരുത്" എന്ന് മോശെയുടെ മൂന്നാം പുസ്തകത്തിൽ യഹോവ കല്പിക്കുന്നതായി കാണുന്നു. വേദഭാഗം എഴുതുക.

B. പുതിയനിയമം (ഉത്തരങ്ങളോടൊപ്പം വേദഭാഗവും എഴുതണം)

1. പൗലൊസിന്റെ രണ്ടാം മിഷണറിയാത്ര അവസാനിപ്പിച്ചത് എവിടെയായിരുന്നു? (ശരിയുത്തരം തെരഞ്ഞെടുത്ത് എഴുതുക)
   1. ആതൻസിൽ 2. ഗലാത്യയിൽ 3. അന്ത്യോഖ്യായിൽ 4. ഫിലിപ്യായിൽ
2. യേശുക്രിസ്തു വന്ന് ദൂരസ്ഥർക്കും, സമീപസ്ഥർക്കും എന്താണ് സുവിശേഷിച്ചത്? (Ref. എഫേസ്യ ലേഖനം)
   1. രക്ഷ 2. സന്തോഷം 3. സമാധാനം 4. വീണ്ടെടുപ്പ്
3. റുമാലും, ഉത്തരീയവും രോഗികളുടെ മേൽ ഇട്ട് സൗഖ്യം കൊടുത്ത അപ്പോസ്തലൻ താഴെ കൊടുത്തിരിക്കുന്നവരിൽ ആരാണ്?
   1. പത്രോസ് 2. പൗലൊസ് 3. യോഹന്നാൻ
4. ധൂപകലശത്തിലെ പുക ദൈവസന്നിധിയിലേക്ക് ഉയർന്നത് ആരുടെ പ്രാർത്ഥനയോടു കൂടെയാണ്? (Ref. വെളിപ്പാട്)
5. 34-ാം സങ്കീർത്തനത്തിലെ 15-ാം വാക്യം പത്രോസിന്റെ ലേഖനത്തിലും ഉദ്ധരിച്ചിരിക്കുന്നു. അതിലെ വാക്യവും, വേദഭാഗവും എഴുതുക.

C. സഭാസംബന്ധമായവ

1. സുവിശേഷഘോഷണാർത്ഥം മാർ തോമ്മാ ശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂരിന്റെ മറ്റൊരു പേര്?
2. പീഡാനുഭവ വാരത്തിൽ ഒരേയൊരു പ്രാവശ്യം "ദൈവമേ! നീ പരിശുദ്ധനാകുന്നു..." എന്നു തുടങ്ങുന്ന കൗമാ ചൊല്ലുന്നു? എപ്പോഴാണ് അത്?
3. "മോർ സേവേറിയോസിന്റെ അപേക്ഷ" എന്നാൽ എന്താണ്?
4. 'എക്കാറ' എന്നാൽ എന്ത്?
5. കൂനൻ കുരിശു സത്യത്തിൽ പങ്കെടുത്തവരെ റോമൻ കത്തോലിക്കാ ചരിത്രകാരന്മാർ വിശേഷിപ്പിച്ചത് എന്ത് പേരിൽ ആയിരുന്നു?

ബൈബിൾ & ചർച്ച് ക്വിസ് 14ന്റെ ശരിയുത്തരം

A

1. 14, 53 സങ്കീർത്തനങ്ങൾ
2. കയീൻ, ഹാനോക്ക് (ഉല്പത്തി 4:17)
3. മെഥൂശലഹ് (ഉല്പത്തി 5:27)
4. സങ്കേതനഗരങ്ങൾ 6
   - 3 എണ്ണം യോർദ്ദാനക്കരെ
   - 3 എണ്ണം കനാൻ ദേശത്ത് (സംഖ്യ 35:13, 14)
5. മോറിയാ പർവ്വതത്തിൽ (2 ദിന. 3:1)

B

1. കർത്താവ് പൗലൊസിനോട്, രാത്രിയിൽ ദർശനത്തിൽ (അ. പ്ര. 18:9,10)
2. പൗലൊസ് അപ്പോസ്തലൻ (അ. പ്ര. 14:12)
3. (b) മരണത്തെ (1 കൊരി. 11:26)
4. (b) യോസേഫ് (അ. പ്ര. 4:36, 37)
5. വി. ലൂക്കൊസ് 7:19

C

1. വി. ദൈവമാതാവിന്റെ പുകഴ്ചപ്പെരുന്നാൾ
2. (b) മിന്നുകെട്ട്/താലികെട്ട്
3. മർക്കൊസിന്റെ മാളിക
4. തിരി (candle)
5. സ്വർഗ്ഗാരോഹണപ്പെരുന്നാൾ (സൂലോക്കോ)

ക്വിസ് 14-ന്റെ ഉത്തരം അയച്ചുതന്നവർ

		മാർക്ക് (75-ൽ)
1.	ജിബി ജോൺ, സെന്റ് മേരീസ് S. S. വലമ്പൂർ	75
2.	അമ്മിണി പോൾ, H. M. MKM S. S. പിറവം	75
3.	ഡോ. ഹന്ന ജോൺ, സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ	75
4.	ഷീല വർഗീസ്, MKM S. S. പിറവം	75
5.	വത്സ ബാബു, സെന്റ് ജോൺസ് S. S. കണ്യാട്ടുനിരപ്പ്	75
6.	ഷീല ബെന്നി, സെന്റ് ജോൺസ് S. S. കണ്യാട്ടുനിരപ്പ്	75
7.	ഡോ. സൂസൻ വർഗീസ്, സെന്റ് തോമസ് S. S. നട്ടാശ്ശേരി	75
8.	മിനി ജോൺസൺ, ഹോളി ഇന്നസന്റ്സ് പള്ളി, മെഴുവേലി	75
9.	സിൽന തെരേസ ഷൈൻ, സെന്റ് തോമസ് S. S. തഴവ	75
10.	ബിനി ഷിനു, H.M. മാർ കുറിയാക്കോസ് S. S. കല്ലേലി, കോന്നി	75
11.	മിനി ജേക്കബ്, കുന്നത്ത്, കൊട്ടാരക്കര	75
12.	ഓമന തങ്കച്ചൻ, സെന്റ് പീറ്റേഴ്സ് S. S., കൊന്നപ്പാറ	75
13.	സീന സ്തേഫാനോസ്, ശൂരനാട്	75
14.	സൈജു ജോൺ, മൈലംകുളം	75
15.	റെനി ജോസ്, മാർ ഏലിയാ കത്തീഡ്രൽ, കോട്ടയം	75
16.	അല്ലി ജോഷി, സെന്റ് മേരീസ് കത്തീഡ്രൽ, പഴഞ്ഞി	75
17.	ജിബി ബിജു, സെന്റ് ജോൺസ് S. S. കണ്യാട്ടുനിരപ്പ്	75
18.	ഓമന രാജൻ, സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് S. S., വട്ടക്കാവ്, കോന്നി	75
19.	ലിൻസി ജോൺസൺ, സെന്റ് ജോൺസ് S. S. ഉളനാട്	75
20.	ലില്ലി മാത്യു, സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് S. S., വട്ടക്കാവ്, കോന്നി	70
21.	സാലി തോമസ്, സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ, കുടശ്ശനാട്	70
22.	മറിയാമ്മ തങ്കച്ചൻ, സെന്റ് സ്റ്റീഫൻ കത്തീഡ്രൽ, കുടശ്ശനാട്	70
23.	എൽബ ഹെലൻ, MKM S. S., പിറവം	70
24.	ഡോ. സിസിലി സാബു, എടപ്പാറയിൽ, പെരുമ്പിള്ളി, മുളന്തുരുത്തി	70
25.	സിനി ഉമ്മൻ, മാർ കുറിയാക്കോസ് S. S., കല്ലേലി, കോന്നി	70

26.	മോനി വർഗീസ്, സെന്റ് ജോർജ് S. S., പ്ലാവേലി, കുമ്പഴ	70
27.	സൂസൻ തങ്കച്ചൻ, സെന്റ് ജോർജ് S. S., ചേപ്പാട്	70
28.	ബേബി കുര്യാക്കോസ്, സെന്റ് പോൾസ് S. S., നെടുമാവ്	70
29.	റൂബി സണ്ണി, സെന്റ് തോമസ് കത്തീഡ്രൽ, മൂവാറ്റുപുഴ	70
30.	ജിനി റെജി, സെന്റ് തോമസ് S. S., കല്ലേലിത്തോട്ടം	70
31.	ലിസി ഫിലിപ്പ്, സെന്റ് ജോർജ് S. S., വള്ളികുന്നം	70
32.	മാത്യൂസ് പി. കെ., സെന്റ് ജോർജ് S. S., ചേപ്പാട്	70
33.	കുഞ്ഞുമോൻ മാത്യു, സെന്റ് ഗ്രീഗോറിയോസ് ചർച്ച്, വലിയപുരം	70
34.	സോഫി വർഗീസ്, മോർ യാക്കോബ് ബുർദ്ദാനപള്ളി, കുന്നുമ്മൽപൊട്ടി	70
35.	കുര്യൻ ജോസ്, സെന്റ് മേരീസ് കത്തീഡ്രൽ, മണ്ണുക്കുന്ന്, മുളക്കുളം	70
36.	ജോബി ഷിജു, ജോയി വില്ല, കണ്ണനാക്കുഴി	68
37.	റൂബി രാജു, സെന്റ് മേരീസ് S. S., ചണ്ഡിഗഡ്	65
38.	റോസമ്മ കുഞ്ഞച്ചൻ, പാരൂർ കിഴക്കേതിൽ, ഓലകെട്ടിയമ്പലം	65
39.	സോമി ജോയി, സെന്റ് ജോർജ് കത്തീഡ്രൽ, പള്ളിപ്പാട്ട്	65
40.	മിനി ഗീവർഗീസ്, മാമൂട്ടിൽ, കരിപ്പുഴ	60

ഉത്തരം അയച്ച ഏവർക്കും നന്ദി.
മുഴുവൻ മാർക്കും (75/75) ലഭിച്ച എല്ലാവരും സമ്മാനാർഹരാണ്.
അഭിനന്ദനങ്ങൾ.

ക്വിസ് മാസ്റ്റർ

ഫ്രാൻസിസ് മാർപാപ്പാ കാലം ചെയ്തു; ലിയോ 14-ാമൻ പുതിയ മാർപാപ്പാ

റോമൻ കത്തോലിക്കാ സഭയുടെ ജനകീയനായ പ്രധാന മേലദ്ധ്യക്ഷൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പാ (88) ഏപ്രിൽ 21ന് കാലം ചെയ്തു. ഈശോ സഭയിൽ (ജസ്വിറ്റ്) നിന്നും ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിൽ നിന്നുമുള്ള ആദ്യ മാർപാപ്പായായിരുന്നു. കബറടക്കം 26ന് മേരി മേജർ ബസിലിക്കായിൽ നടന്നു. മലങ്കര സഭയെ പ്രതിനിധീകരിച്ച് ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ, ഫാ. അശ്വിൻ ഫെർണാണ്ടസ്, ജേക്കബ് മാത്യു എന്നിവർ കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ അനുശോചനം അറിയിച്ചു. 2023 ൽ മാർപാപ്പയുമായി നടത്തിയ കൂടിക്കാഴ്ചയുടെ ഓർമ്മ പരിശുദ്ധ കാതോലിക്കാ ബാവാ പങ്കുവച്ചു.

പുതിയ മാർപാപ്പായായി കർദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രൊവോസ്ത് (69) മേയ് 8ന് തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ലിയോ 14-ാമൻ എന്ന പേര് സ്വീകരിച്ചു. സെന്റ് അഗസ്റ്റിൻസ് സന്യാസ സഭയിൽ നിന്നും യുഎസിൽ നിന്നുമുള്ള ആദ്യ മാർപാപ്പായാണ്. ഷിക്കാഗോയിലാണ് ജനനമെങ്കിലും ജീവിതവും സഭാസേവനവും ദക്ഷിണ (ലാറ്റിൻ) അമേരിക്കൻ രാജ്യമായ പെറുവിൽ ആയിരുന്നു. 18ന് സ്ഥാനാരോഹണം ചെയ്തു. കോൺസ്റ്റാന്റിനോപ്പിൾ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമിയോ, ജറുസലേമിലെ ഗ്രീക്ക് പാത്രിയർക്കീസ് തെയോഫിലോസ് മൂന്നാമൻ, അസിറിയൻ പാത്രിയർക്കീസ് മാർ ആവാ മൂന്നാമൻ, കോൺസ്റ്റാന്റിനോപ്പിലെ അർമേനിയൻ പാത്രിയർക്കീസ് സഹാക് രണ്ടാമൻ മശലിയാൻ തുടങ്ങിയ പൗരസ്ത്യ സഭാതലവന്മാർ സംബന്ധിച്ചു. മലങ്കരസഭയെ പ്രതിനിധീകരിച്ച് മെത്രാപ്പോലീത്താമാരായ സഖറിയാ മാർ നിക്കോളാവോസ്, ഏബ്രഹാം മാർ സ്തേഫാനോസ്, ഫാ. അശ്വിൻ ഫെർണാണ്ടസ് എന്നിവർ പങ്കെടുത്തു. പരിശുദ്ധ കാതോലിക്കാ ബാവായുടെ ആശംസ അവർ കൈമാറി; പൂർണമായും കൈകൊണ്ടു നിർമിച്ച ചന്ദന സ്ലീബാ സമ്മാനിച്ചു. •

വേദവായനക്കുറിപ്പിലെ ഇടക്കാലഗ്രന്ഥവായനകൾ

നമ്മുടെ സഭയുടെ വിശുദ്ധ വേദവായനക്കുറിപ്പിൽ (2022) ചേർത്തിരിക്കുന്ന ഇടക്കാലഗ്രന്ഥങ്ങളിലെ വായനകൾ:

01. കൂദോശ് ഈത്തോ ഞായർ /1 മക്കാബിയർ 4:36 – 51
02. ഹൂദോശ് ഈത്തോ ഞായർ /1 മക്കാബിയർ 4:52 – 59
03. കർത്താവിന്റെ ചേലാകർമ്മ പെരുന്നാൾ, ആണ്ടാരംഭം (ജനുവരി 1) / ബാറാസീറാ 44 : 1 – 15
04. മാർ സ്തേഫാനോസ് സഹദായുടെ ഓർമ്മ (ജനുവരി 8) / ബാറാസീറാ 50 : 1 – 12
05. കൊഹനേ ഞായർ / മഹാജ്ഞാനം 4 : 7 – 16
06. ആനീദേ ഞായർ / 2 മക്കാബിയർ 12 : 38 – 45
07. വലിയ നോമ്പിലെ ഒന്നാം തിങ്കൾ / മഹാജ്ഞാനം 7 : 7 – 22
08. വലിയ നോമ്പിലെ അഞ്ചാം ഞായർ (ക്പിപ്തോ) / ബാറാസീറാ 51 : 17 – 30; 42 : 15 – 43 : 11
09. ലാസറിന്റെ ശനി / മഹാജ്ഞാനം 11 : 21 – 12 : 2
10. ഹാശായുടെ ബുധൻ / ചെറിയ ദാനിയേൽ (ബേലും മഹാസർപ്പവും) 3 : 23 – 42
11. ഹേവോറെ ചൊവ്വാ & പുതുഞായറാഴ്ചയ്ക്കുശേഷം ഒന്നാം ഞായർ/മഹാജ്ഞാനം 1 :1 – 8
12. സ്വർഗാരോഹണ പെരുന്നാൾ / ചെറിയ ദാനിയേൽ (തീച്ചൂളയിലെ ബാലന്മാരുടെ പ്രാർത്ഥന) 3 : 49 – 90
13. പെന്തിക്കോസ്തിയ്ക്കു ശേഷം രണ്ടാം ഞായർ / ബാറാസീറാ 46 : 1 – 6
14. പെന്തിക്കോസ്തിയ്ക്കു ശേഷം നാലാം ഞായർ / ചെറിയ ദാനിയേൽ (തീച്ചൂളയിൽ അസര്യാവിന്റെ പ്രാർത്ഥന) 3 : 24 – 45
15. മർത്തശ്മൂനിയുടെ ഓർമ്മ (ആഗസ്റ്റ് 1) / 2 മക്കാബിയർ 6 : 18 – 29; 7 : 1 – 6
16. സ്ലീബായ്ക്കു ശേഷം രണ്ടാം ഞായർ / മഹാജ്ഞാനം 6 : 1 – 9
17. സഹദേന്മാരുടെയും മൽപാന്മാരുടെയും പിതാക്കന്മാരുടെയും ഓർമ്മ / മഹാജ്ഞാനം 3:1–9
18. ദയറോയൂസോ (റമ്പാൻ സ്ഥാനം) / ബാറാസീറാ 3 : 17 – 29
19. സ്ത്രീകളുടെ ശവസംസ്കാരം / മഹാജ്ഞാനം 2 : 1 – 5

തൂബിദ്, യൂദിത്ത്, മഹാജ്ഞാനം, യേശു ബർ ആസീറെ (പ്രഭാഷകൻ), ബാറൂക്, മക്കാബിയർ 1, 2 എന്നിങ്ങനെ ഏഴ് പ്രത്യേക കൃതികളും എസ്തേർ, ദാനിയേൽ, ഏറമിയ എന്നിങ്ങനെ മൂന്ന് പരിശിഷ്ട കൃതികളുമാണ് ഇതര കാനോനിക ഗ്രന്ഥങ്ങളായി പരിഗണിക്കുന്നത്. റോമൻ കത്തോലിക്കാ – ഓർത്തഡോക്സ് സഭകൾ ഈ കൃതികൾ പഴയനിയമത്തിന്റെ ഭാഗമായി പരിഗണിച്ച് ഔദ്യോഗിക ബൈബിളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നമ്മൾ സാധാരണ ഉപയോഗിക്കുന്ന ബൈബിളിൽ (ബിഎസ്ഐ) ഈ വേദഭാഗങ്ങളില്ല. വേദവായനക്കുറിപ്പിൽ അനുബന്ധമായി ഈ ഭാഗങ്ങൾ മാത്രമായി ചേർത്തിട്ടുണ്ട്. താഴെ പറയുന്ന ബൈബിളുകളിൽ ഇവ പൂർണ്ണമായി ചേർത്തിട്ടുണ്ട്.

വിശുദ്ധ ഗ്രന്ഥം : ഡോ. കുര്യൻ ആർച്ച്കോറെപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ
ഇതര കാനോനിക കൃതികൾ : ഡോ. കുര്യൻ ആർച്ച്കോറെപ്പിസ്കോപ്പാ കണിയാമ്പറമ്പിൽ
പ്ശീത്താ ബൈബിൾ : ഫാ. മാത്യു ഉപ്പാണി
മലയാളം ബൈബിൾ : ഓശാനാ
സമ്പൂർണ ബൈബിൾ : പിഒസി
അപ്പൊക്രിഫാ : ഡോ. ടി. ജോൺ

വർഗീസ് ജോൺ തോട്ടപ്പുഴ
9446412907

അർത്ഥതലങ്ങളിലൂടെ

ഇടക്കാല ഗ്രന്ഥങ്ങൾ

നാം സാധാരണ ഭവനങ്ങളിൽ ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച 'സത്യ വേദപുസ്തകം' എന്നതാണ് 'വിശുദ്ധ ഗ്രന്ഥം' എന്ന നിലയിൽ ഉപയോഗിക്കുന്നത്. എന്നാൽ ഈ പുസ്തകമല്ല ഓർത്തഡോക്സ് സഭയുടെ ആധികാരിക ഗ്രന്ഥം എന്ന് ഓർത്തഡോക്സ് ആരാധന പരിശോധിച്ചാൽ മനസ്സിലാകും. ഉദാഹരണത്തിന്, നമുക്ക് ഏറ്റവും സുപരിചിതമായ 119-ാം സങ്കീർത്തനം "നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും..." 118-ാം സങ്കീർത്തനം എന്നാണ് വിശുദ്ധ കുർബാനക്രമത്തിൽ കാണുന്നത്. ഇതു സുറിയാനി വേദപുസ്തകത്തിലെ ക്രമമാണ്. അതായത്, സുറിയാനി വേദ പുസ്തകത്തിലെ 114-ാം സങ്കീർത്തനം 'സത്യവേദപുസ്തകത്തിലെ' 114, 115 എന്നിവ ചേർന്നതാണ്. അതിനുശേഷമുള്ള എല്ലാ സങ്കീർത്തനങ്ങളുടെയും ക്രമത്തിൽ മാറ്റം വരും. എന്നാൽ 'സത്യവേദപുസ്തകത്തിലെ' 147-ാം സങ്കീർത്തനം സുറിയാനി വേദ പുസ്തകത്തിൽ 146, 147 എന്നിങ്ങനെ രണ്ടായി കൊടുത്തിരിക്കുന്നതിനാൽ 148, 149, 150 എന്നീ സങ്കീർത്തനങ്ങളുടെ ക്രമത്തിൽ മാറ്റമില്ല. ആകെ സങ്കീർത്തനങ്ങൾ 150 എന്നു നിൽക്കുകയും ചെയ്യുന്നു. രാത്രിനമസ്കാരത്തിലെ 132-ാം മസുമൂറായും പരി ശോധിക്കുക.

നമ്മുടെ പഴയനിയമവായനയിൽ, വളരെയധികം ഭാഗങ്ങൾ ബൈബിൾ സൊസൈ റ്റിയുടെ വേദപുസ്തകത്തിൽ ഇല്ലാത്തത് വായനയ്ക്കായി ചേർത്തിട്ടുണ്ട്; ചുരുക്കമാ യി മാത്രമേ ശുശ്രൂഷകർ ഇതു വായിക്കുന്നുള്ളു എന്നതാണ് യാഥാർത്ഥ്യം.

സത്യവേദപുസ്തകത്തിലെ പഴയനിയമ പുസ്തകങ്ങളിൽ ക്രിസ്തുവിനു മുമ്പു 400 വരെയുള്ള ചരിത്രം മാത്രമേ പ്രതിപാദിക്കുന്നുള്ളു. പുതിയനിയമത്തിൽ ആദ്യം രചി ച്ച ഗ്രന്ഥം AD 49 ൽ എഴുതിയ 1 തെസ്സലോനിക്യർ ആണ്. എന്നാൽ പിന്നീട് രചിക്ക പ്പെട്ട സുവിശേഷ ഭാഗങ്ങൾ ക്രിസ്തുവർഷത്തിന്റെ ആരംഭം മുതലുള്ള ചരിത്രം പറ യുന്നുണ്ട്. ഇതിനിടയിലുള്ള 400 വർഷക്കാലത്തെ ചരിത്രം പറയുന്ന ഗ്രന്ഥങ്ങളാണ് 'ഇടക്കാല ഗ്രന്ഥങ്ങൾ'. ഇവയെ 'അപ്പോക്രിഫാ ഗ്രന്ഥങ്ങൾ' എന്നും '(ഉത്തര)ഇതര കാനോനിക ഗ്രന്ഥങ്ങൾ' എന്നും പറയാറുണ്ട്. എങ്കിലും നമ്മെ സംബന്ധിച്ച് ആ പ്ര യോഗങ്ങൾ ശരിയല്ല.

പാലസ്തീനിലെ യഹൂദസമൂഹം ഉപയോഗിച്ചുവന്ന എബ്രായ പഴയനിയമത്തിൽ 39 പുസ്തകങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഗ്രീക്കുഭാഷ മാത്രം വശമു ണ്ടായിരുന്ന അലക്സാന്ത്ര്യായിലെ യഹൂദന്മാർക്കുവേണ്ടി എഴുപതു പണ്ഡിതന്മാർ ചേർന്നു തയ്യാറാക്കിയ ഗ്രീക്ക് പരിഭാഷയിൽ പഴയനിയമത്തിൽ ഏഴു പുസ്തകങ്ങൾ കൂടുതലായി ഉണ്ടായിരുന്നു. ഈ പുസ്തകമായിരുന്നു ആദിമസഭയിലെ ക്രിസ്ത്യാനി കൾ ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ക്രിസ്തീയസഭയുടെ വളർച്ച തടയുവാനായി AD 90-ൽ അലക്സാന്ത്രിയൻ കാനോൻ തിരസ്കരിച്ച് 39 പുസ്തകങ്ങൾ മാത്രമുള്ള എബ്രായ കാനോൻ ജാമ്നിയ എന്ന സ്ഥലത്തുകൂടിയ യഹൂദന്മാരുടെ കൗൺസിൽ അംഗീകരിച്ചു. ഇതു കാരണമാണ് ഇടക്കാല ഗ്രന്ഥങ്ങൾ തമസ്കരിക്കപ്പെട്ടുപോയതും 39 പുസ്തകങ്ങൾ മാത്രമുള്ള പഴയനിയമത്തിനു പ്രാബല്യം വന്നതും.

യോഹന്നാൻ 10:22 ൽ 'യരൂശലേമിൽ പ്രതിഷ്ഠോത്സവം ആചരിച്ചു' എന്നു പറയുന്നുണ്ട്. യേശു ദൈവാലയത്തിൽ ഉണ്ടായിരുന്നു എന്നും അവിടെ പറയുന്നു. ഈ പ്രതിഷ്ഠോത്സവത്തിന്റെ പഴയനിയമ പശ്ചാത്തലം ലഭിക്കുന്നതും മക്കാബിയരുടെ പുസ്തകത്തിലാണ്. (1 മക്കാബിയർ 4:52-59). അന്തിയോക്കസ് എപ്പിപ്പാനസ് അശുദ്ധമാക്കിയ ദേവാലയം യൂദാ മക്കാബിയരുടെ നേതൃത്വത്തിൽ തിരിച്ചുപിടിച്ച് ശുദ്ധീകരിച്ച് BC 164-ൽ പുനഃപ്രതിഷ്ഠ നടത്തിയതിന്റെ പെരുന്നാളാണ് യഹൂദന്മാരുടെ ഒരു ചെറിയ പെരുന്നാളായ പ്രതിഷ്ഠാപ്പെരുന്നാൾ.

വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും ബലി അർപ്പിക്കുന്നതും ക്രിസ്തുവിനു മുമ്പുതന്നെ നിലനിന്നിരുന്നു എന്നതിന് ഏറ്റവും നല്ല തെളിവും മക്കാബിയരുടെ പുസ്തകത്തിലാണ് ലഭിക്കുന്നത്. അതുകൊണ്ടാണ് സകല വാങ്ങിപ്പോയവരുടെ ഞായറാഴ്ചയിൽ പഴയനിയമ വായനയിൽ 2 മക്കാബിയർ 12:38-45 ലെ വേദഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത്. (ഈ ലക്കത്തിലെ പേജ് 22 കാണുക).

സുറിയാനി ഓർത്തഡോക്സ് സഭയുടെ ഔദ്യോഗിക വേദപുസ്തകം 'പ്ശീത്തോ' എന്ന് അറിയപ്പെടുന്ന സുറിയാനി ഭാഷയിലുള്ള വേദപുസ്തകമാണ്. ഇതിന്റെ മലയാളം തർജ്ജമ ലഭ്യമാണെങ്കിലും നമ്മുടെ സഭയുടേതായി ഒരു പരിഭാഷ ലഭ്യമായിട്ടില്ല. ഈ പരിഭാഷയ്ക്ക് അലക്സാന്ത്രിയൻ കാനോൻ അനുസരിച്ചുള്ള വേദപുസ്തകത്തോടാണ് സാമ്യമുള്ളത്. സുറിയാനി പിതാക്കന്മാർ ഈ പുസ്തകമാണ് ഉപയോഗിച്ചിരുന്നത് എന്നതിന്റെ മറ്റൊരു തെളിവാണ് കർത്താവിന്റെ ജനനസമയത്ത് മാലാഖമാർ പാടിയ പാട്ട്. സത്യവേദപുസ്തകത്തിലെപ്പോലെ അല്ല, പ്ശീത്തോ വേദപുസ്തകത്തിൽ നൽകിയിരിക്കുന്നതുപോലെയാണ് നാം യൽദോ പെരുന്നാളിൽ അതു പാടുന്നത്.

ലൂക്കോസ് 2:14 ൽ 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം' എന്നാണ് മാലാഖമാരുടെ പാട്ട് നൽകിയിരിക്കുന്നത്. എന്നാൽ യൽദോ പെരുന്നാളിൽ തീജ്വാല സമയത്ത് ഏവൻഗേലിയോൻ മധ്യേ ഈ ഗീതം നാം പാടുന്നത്:

'ഉളവാക സ്തുതി ദൈവത്തിനു വാനിൽ
ധരണിയതിൽ ശാന്തി

നല്ലൊരു ശരണം നരലോകർക്കും' എന്നാണ് (അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി, ഭൂമിയിൽ സമാധാനം, മനുഷ്യരിൽ സംപ്രീതി). ഇത് സുറിയാനി വേദപുസ്തകത്തിൽനിന്നുള്ള ഉദ്ധരണിയാണ്.

ഈ വർഷം OVBS ന്റെ Fruits ക്ലാസ്സിൽ മർത്തശ്മൂനിയെക്കുറിച്ച് പ്രതിപാദിച്ചിരുന്നു. ഓർത്തഡോക്സ് സഭയുടെ വേദപുസ്തകത്തിൽ ഈ വിശുദ്ധയുടെ കാര്യം രേഖപ്പെടുത്തിയിട്ടുണ്ട് എന്നും മക്കാബിയരുടെ രണ്ടാം പുസ്തകം ഏഴാം അധ്യായത്തിൽ ഈ ചരിത്രം വായിക്കാം എന്നും OVBS പുസ്തകത്തിൽ പറഞ്ഞിരുന്നത് ചിലർക്കെങ്കിലും അലോസരമുണ്ടാക്കി. ഈ ഭാഗം കുട്ടികൾക്കും അധ്യാപകർക്കും ബുദ്ധിമുട്ട് ഉണ്ടാക്കി എന്ന ഒരു അധ്യാപകന്റെ പരാമർശമാണ് ഈ കുറിപ്പ് എഴുതാൻ പ്രേരിപ്പിച്ചത്. നമ്മുടെ സഭ പരിശുദ്ധയായി പരിഗണിക്കുന്ന 'മർത്തശ്മൂനി' വേദപുസ്തക കഥാപാത്രം തന്നെയാണ് എന്നു മനസ്സിലാക്കുക.

പ്രൊഫ. ഡോ. ചെറിയാൻ തോമസ്